بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4 | ലക്കം 24

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജൂൺ 13/ഹി:ശം:1398 തബ്‌ലീഗ് 13/ഹി:ഖ: 1440 ശവ്വാൽ 09

## അല്ലാഹുവിന്റെ വചനം

اِنَّ اَوَّلَ بَیۡتٍ وُّضِعَ لِلنَّاسِ لَلَّذِیۡ بِبَکَّۃَ مُبٰرَکًا وَّ ہُدًی لِّلۡعٰلَمِیۡنَ ۚ فِیۡہِ اٰیٰتٌۢ بَیِّنٰتٌ مَّقَامُ اِبۡرٰہِیۡمَ ۬ۚ وَمَنۡ دَخَلَہٗ کَانَ اٰمِنًا (آل عمران:97-98)

“സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുളളതു തന്നെയാണ്. അത് അനുഗൃഹീതവും സർവലോകർക്കുമുളള മാർഗദർശകവുമത്രെ.”
(3:97–98)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

---

## മനുഷ്യരുടെ ആത്മാക്കളും അതായത് ‘രിബാത്വും’ വിദ്യാസമ്പന്നമായിരിക്കണം. അവയുടെ കഴിവുകളും ശക്തികളും അല്ലാഹുവിന്റെ പരിധികൾക്ക് വിധേയമായി നടക്കുന്നതായിരിക്കണം.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### രിബാത് എന്നതിന്റെ അർത്ഥം

ശത്രുക്കളുടെ അതിർത്തിയിൽ കെട്ടുന്ന കുതിരകൾക്കാണ് ‘രിബാത്’ എന്നു പറയുന്നത്. അല്ലാഹു ശത്രുക്കളെ നേരിടുന്നതിന് ജാഗരൂകരായിരിക്കാൻ സ്വഹാബാക്കൾക്ക് കല്പന നല്കുന്നു. ഈ ‘രിബാത്’ എന്ന പദത്തിലൂടെ പൂർണവും സത്യസന്ധവുമായ തയ്യാറെടുപ്പ് നടത്താൻ അവരോടു പറയുന്നു. രണ്ട് ജോലിയായിരുന്നു അവരുടെ ചുമതലയിലുണ്ടായിരുന്നത്. ഒന്ന് ബാഹ്യമായ ശത്രുക്കളുമായുള്ള പോരാട്ടം. നിഘണ്ടുവിൽ ആത്മാവിനും മനുഷ്യഹൃദയത്തിനും ‘രിബാത്’ എന്ന് പറയുന്നുണ്ട്. പിന്നെ അതിസൂക്ഷ്മമായ ഒരു കാര്യമുണ്ട്. അഭ്യസിപ്പിച്ച് മെരുക്കിയെടുക്കുന്ന കുതിരകളെ പ്രയോജനപ്പെടുകയുള്ളു. ഇക്കാലത്ത് ഇതിന്റെ അടിസ്ഥാനത്തിലാണ് കുതിരകൾ പരിഗണിക്കപ്പെടുന്നത്. ഈ രീതിയിലാണ് അവയെ അഭ്യസിപ്പിക്കുന്നത്; കുട്ടികളെ സ്കൂളിൽ പ്രത്യേക സൂക്ഷ്മതയോടും ഏർപാടോടും കൂടി പഠിപ്പിക്കുന്നതുപോലെ. അവയെ അഭ്യസിപ്പിക്കുന്നില്ലെങ്കിൽ മെരുക്കിയെടുക്കുന്നില്ലെങ്കിൽ തികച്ചും കൊള്ളരുതാത്തതായിത്തീരും. ഉപകാരപ്പെടുന്നതിനു പകരം അപകടകാരിയും ദോഷകാരിയുമായിത്തീരും.

ഇതു സൂചിപ്പിക്കുന്നത് മനുഷ്യരുടെ ആത്മാക്കളും അതായത് ‘രിബാത്വും’ വിദ്യാസമ്പന്നമായിരിക്കണമെന്നാണ്. അവയുടെ കഴിവുകളും ശക്തികളും അല്ലാഹുവിന്റെ പരിധികൾക്ക് വിധേയമായി നടക്കുന്നതായിരിക്കണം. അങ്ങനെയല്ലെങ്കിൽ മനുഷ്യനും അവന്റെ അപകടകാരിയായ ശത്രുവും അതായത് ശയ്ത്വാനുമിടയിൽ ആഭ്യന്തരമായ നിലയിൽ ഓരോ നിമിഷവും നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിലും പോരാട്ടത്തിലും അത് പ്രയോജനപ്പെടുകയില്ല. പോരാട്ടത്തിലും യുദ്ധമൈതാനത്തിലും ശാരീരികമായ ശക്തികൾക്ക് പുറമെ അറിവുകളുണ്ടായിരിക്കേണ്ടതും നിർബന്ധമാണെന്നതുപോലെ ഈ ആഭ്യന്തരമായ യുദ്ധത്തിനും ധർമസമരത്തിനും മനുഷ്യാത്മാവിന് ശിക്ഷണവും ഉചിതമായ അറിവും ലഭിക്കേണ്ടതുണ്ട്. അങ്ങനെയല്ലെങ്കിൽ അതിന്റെ ഫലം ശയ്ത്വാൻ വിജയിക്കുമെന്നാണ്. വളരെ മോശമായ നിലയിൽ നിന്ദിതരും അപമാനിതരുമാകും. ഉദാഹരണത്തിന് ഒരാളുടെ കൈയിൽ പീരങ്കിയും തുപ്പാക്കിയും യുദ്ധായുധങ്ങളും തോക്കുകൾ തുടങ്ങിയവയുമൊക്കെയുണ്ട്. പക്ഷേ, അതൊന്നും പ്രയോഗിക്കാൻ അറിയില്ലെങ്കിൽ അയാൾക്കൊരിക്കലും ശത്രുവിനെ നേരിടാൻ കഴിയുകയില്ല. ഇനി അമ്പും വില്ലും യുദ്ധസാധനങ്ങളും ഒരാൾക്കുണ്ടാകുകയും അതിന്റെ പ്രയോഗം അറിയുകയും ചെയ്താലും കൈയ്ക്ക് ശക്തിയില്ലെങ്കിൽ അയാൾ വിജയിക്കുകയില്ല. ഇതിൽനിന്ന് വ്യായാമവും അഭ്യാസവും നടത്തി കൈകളും ശരീരവും കരുത്തുള്ളതാക്കിത്തീർക്കാതെ വെറും മാർഗവും ഉപയോഗിക്കുന്ന രീതിയും പഠിച്ചാൽമാത്രം അത് പ്രയോജനപ്പെടുകയില്ലെന്നാണ് മനസ്സിലാകുന്നത്. ഒരാൾക്ക് വാളു വീശാനറിയാം. പക്ഷേ, പ്രാക്ടീസില്ല. അയാൾ രണാങ്കണത്തിലെത്തിയാൽ രണ്ടുമൂന്നുവട്ടം വാൾ വീശി ക്ഷീണിതനാകും. അവസാനം അയാൾ സ്വയം ശത്രുവിന്നിരയാകുകയും ചെയ്യും.

### മുജാഹദയും രിയാളത്തും

അതുകൊണ്ട് കർമവും കഠിനാധ്വാനവും വ്യായാമവും ഉണ്ടാകാത്തിടത്തോളം കേവലം അറിവും കരവിരുതും ശുഷ്കമായ വിദ്യാഭ്യാസവും പ്രയോജനപ്പെടുകയില്ലെന്ന് മനസ്സിലാക്കുക. നോക്കുക, സർക്കാരും സൈന്യത്തെ ഈ ചിന്തകൊണ്ട് വെറുതെയിരിക്കാൻ വിടുകയില്ല. സമാധാനത്തിന്റേയും ശാന്തിയുടേയും നാളുകളിൽപോലും കൃത്രിമമായ യുദ്ധരംഗമുണ്ടാക്കി അവരെ അഭ്യാസത്തിലൂടെയും വ്യായാമത്തിലൂടെയും പരേഡിലൂടേയും എപ്പോഴും സജ്ജരാക്കി നിറുത്തുന്നു.

ഞാൻ ഇപ്പോൾ വിവരിച്ചതുപോലെ രണാങ്കണത്തിൽ വിജയിക്കുന്നതിനുവേണ്ടി ഒരുഭാഗത്ത് ആയുധങ്ങൾ ഉപയോഗിക്കാൻ പഠിക്കേണ്ടത് അത്യാവശ്യമാണെന്നതുപോലെ മറുഭാഗത്ത് അഭ്യാസവും സന്ദർഭത്തിന്നനുസരിച്ചുള്ള പ്രയോഗവും അത്യാവശ്യമാണ്. ഇപ്രകാരംതന്നെ അഭ്യസിക്കപ്പെട്ട കുതിരകളും വേണ്ടതാണ്. അതായത് പീരങ്കികളുടേയും വെടികളുടേയും ഒച്ചകേട്ട് ഭയപ്പെടാത്തതും പൊടിപടലങ്ങൾ കാണുമ്പോൾ പിന്നാക്കം പോകാതെ മുന്നോട്ടു കുതിക്കുന്നതുമായ രീതിയിൽ അഭ്യസിപ്പിച്ചെടുത്തിട്ടുള്ള കുതിരകൾവേണം. ഇപ്രകാരംതന്നെ മനുഷ്യാത്മാക്കളും പൂർണമായ വ്യായാമവും അഭ്യാസവും യഥാർഥമായ അധ്യാപനവും കൂടാതെ അല്ലാഹുവിന്റെ ശത്രുക്കളുടെ മുമ്പിൽ വിജയിക്കുകയില്ല.

### അറബിഭാഷയുടെ സവിശേഷത

അറബി നിഘണ്ടുവും അത്ഭുതകരമായ കാര്യമാണ്. മത്സരവും അതിൽതന്നെ അവസാനിക്കുന്നു. പ്രസ്തുത ആയത്തിൽ പ്രതിപാദിക്കപ്പെട്ട ആയത്തിലെ ‘രിബാത്’ എന്ന പദത്തിൽ ഭൗതികമായ യുദ്ധത്തിന്റേയും സമരത്തിന്റേയും യുദ്ധകലകളുടേയും തത്ത്വശസ്ത്രം അടങ്ങിയിരിക്കുന്നതുപോലെ ആത്മീയമായ നിലയിൽ ശരീരേച്ഛയോടുള്ള യുദ്ധത്തിന്റേയും പോരാട്ടത്തിന്റേയും യാഥാർഥ്യത്തേയും സവിശേഷതയേയും പ്രകടിപ്പിക്കുന്നു. ഇതൊരു അത്ഭുതകരമായ പരമ്പരയാണ്. അതുകൊണ്ടാണ്

(ശേഷം പേജ് 9ൽ)

---

## 125-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് 125-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**നമ്മൾ സത്യവാന്മാരായ മുഅ്മിനാകുന്നതിന് ബയ്അത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും കഴിവിന്റെ പരമാവധി നിറവേറ്റാൻ അവിടന്ന് നമ്മളോടു കർശനമായി നിർദേശിച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്താൽ നമുക്ക് ആത്മീയതയിൽ അഭിവൃദ്ധിപ്പെടാനും നമ്മുടെ ഈമാൻ വർധിപ്പിക്കാനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും വിശുദ്ധഖുർആന്റെ രഹസ്യമായ ജ്ഞാനങ്ങളും സൂക്ഷ്മമായ വശങ്ങളും മനസ്സിലാക്കാനും നബി(സ)തിരുമേനിയുടെ യഥാർഥസ്ഥാനത്തെ തിരിച്ചറിയാനും നമ്മുടെ സ്വഭാവപരമായ അവസ്ഥ ശരിയാക്കാനും കഴിയും. ഈ ഖജനാവ് നിലവിലുണ്ടായിട്ടും നമ്മൾ അതിനെ പ്രയോജനപ്പെടുത്തുന്നവരായില്ലെങ്കിൽ നമ്മൾ അങ്ങേയറ്റം നിർഭാഗ്യരായിരിക്കും. അതിനാൽ ആ ഗ്രന്ഥങ്ങൾ വായിക്കുക എന്നത് നമ്മൾ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. നമ്മളും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രതീക്ഷകളനുസരിച്ച് ഉന്നതമായ ആത്മീയസ്ഥാനം കരസ്ഥമാക്കുന്നവരാകാൻ അതിൽ ചിന്തിച്ചും ആലോചിച്ചും കർമങ്ങളും ചെയ്യുക.**

**എന്റെ ഖുത്ബകൾ ശ്രദ്ധാപൂർവ്വം കേൾക്കുക എന്ന് ഞാൻ നിങ്ങളെ ഓർമപ്പെടുത്തുകയാണ്. അത് മനസ്സിലാക്കാൻ ശ്രമിക്കുക. എന്റെ നിർദേശങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുക. ഇത് നിങ്ങളുടെ ഈമാനിലും ഖിലാഫത്തുമായിട്ടുള്ള ബന്ധത്തിലും കരുത്തിന് കാരണമാകും. ഇന്ന് ഇസ്‌ലാമിന്റെ പുനരുജ്ജീവനവും ലോകത്ത് സമാധാനസ്ഥാപനവും ഖിലാഫത്ത് വ്യവസ്ഥിതിയെ പിൻപറ്റുന്നതിലൂടെ മാത്രമേ നടക്കുകയുള്ളൂ. അതുകൊണ്ട് നിങ്ങളും നിങ്ങളുടെ തലമുറയും എപ്പോഴും അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗൃഹീത തണലിലും അഭയത്തിലും ഇരിക്കാൻ നിങ്ങൾ എപ്പോഴും ഈ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുക.**

**ഗയാന(Guyana)അഹ്മദിയ്യാ ജമാഅത്ത് 2018 നവംബർ 24, 25 തിയതികളിൽ സംഘടിപ്പിച്ച ജൽസാസാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പ്രത്യേക സന്ദേശം**

ഗയാന(Guyana)അഹ്മദിയ്യാ ജമാഅത്തിന്റെ 37 - ാമത് ജൽസാസാലാന 2018 നവംബർ 24, 25 തിയതികളിൽ സംഘടിപ്പിച്ചു. ജൽസാ സാലാന ദിനങ്ങളിൽ ജമാഅത്തോടുകൂടി തഹജ്ജുദ് നമസ്കാരത്തിനുള്ള സംവിധാനം ചെയ്തിരുന്നു. സുബ്ഹി നമസ്കാരത്തിനുശേഷം ഖുർആൻ ദർസുണ്ടായി. ജോർജ് ടൗണിലെ സെക്കന്ററി സ്കൂൾ കോയീനസ് കോളേജിന്റെ ഹാളിലാണ് ജൽസ സംഘടിപ്പിക്കപ്പെട്ടത്. "നബി(സ)തിരുമേനി മാനവകുലത്തിന് സമ്പൂർണമാതൃക" എന്നതായിരുന്നു ഈ വർഷത്തെ മുഖ്യവിഷയം. ജൽസാസാലാനയുടെ ഔദ്യോഗികമായ ഉദ്ഘാടനം ശനിയാഴ്ച ലജ്ന ഇമാഇല്ലായുടെ പ്രത്യേക സമ്മേളനത്തോടെ നടന്നു. ജൽസയുടെ രണ്ടാം യോഗം വൈകുന്നേരം ആരംഭിച്ചു. ഇതിൽ പുരുഷന്മാരും സ്ത്രീകളുമുൾപ്പെടെ 40 പേർ പങ്കെടുത്തു. ഈ യോഗത്തിൽ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശവും വായിച്ചുകേൾപ്പിക്കപ്പെട്ടു.  അത് ഇംഗ്ലീഷിലായിരുന്നു. സമാപനയോഗം നവംബർ 25ന് ഞായറാഴ്ച നടന്നു. ഇതിൽ അഹ്മദികൾക്ക് പുറമെ അനഹ്മദികളും അമുസ്ലിംകളും പങ്കെടുത്തിരുന്നു. ഈ സെഷനിൽ 186  പേർ പങ്കെടുത്തു. ജൽസാസാലാനയുടെ സമാപന ദിവസം മൗലാന ഉമയ്ർ ഖാൻ സാഹിബ് "നബി(സ)തിരുമേനി ഇന്നത്തെ ലോകത്തിന് സമ്പൂർണ മാതൃക" എന്ന ശീർഷകത്തിൽ സമാപന പ്രസംഗം ചെയ്തു. ഗയാന(Guyana) മുബല്ലിഗ് ഇൻചാർജ് മഖ്സ്വൂദ് അഹ്മദ് "നബി(സ)തിരുമേനി സ്ഥാപിച്ച സാഹോദര്യം" എന്ന ശീർഷകത്തിൽ പ്രസംഗിച്ചു. ഗയാന(Guyana)നാഷണൽ സ്വദ്ർ ആഫ്ത്താബുദ്ദീൻ നാസ്വിർ സാഹിബ് ഈ യോഗത്തിൽ വീണ്ടും ഹുദൂറിന്റെ സന്ദേശം വായിച്ചുകേൾപ്പിച്ചു. ദുആയോടെ യോഗം സമാപിച്ചു. ഹുദൂറിന്റെ സന്ദേശത്തിന്റെ തർജമ ഇവിടെ സമർപ്പിക്കുകയാണ്. (എഡിറ്റർ)

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**
**നഹ്മദുഹൂ വ നുസ്വല്ലീ അലാ റസൂലിഹിൽകരീം**
**വ അലാ അബ്ദിഹിൽ മസീഹിൽ മൗഊദ്**
*ഖുദാ കെ ഫള്ൽ ഔർ റഹം കെ സാഥ്*
*ഹുവന്നാസിർ*

ഗയാന(Guyana) അഹ്മദിയ്യാ ജമാഅത്തിലെ ആദരണീയരായ അംഗങ്ങളേ!
*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.*

നിങ്ങൾ 2018 നവംബർ 24, 25 തിയതികളിൽ നിങ്ങളുടെ ജൽസസാലാന സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ജൽസാ സാലാന എല്ലാവിധത്തിലും വിജയിപ്പിക്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. പങ്കെടുക്കുന്ന എല്ലാവർക്കും ഈ മതപരമായ പ്രത്യേക മജ്‌ലിസിൽനിന്ന് മഹത്തായ ആത്മീയാഭിവൃദ്ധി പ്രദാനം ചെയ്യുമാറാകട്ടെ. അസംഖ്യം അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ നമുക്ക് തൗഫീഖ് തന്നുവെന്നത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ നമുക്ക് ഓരോ ചുവടിലും വഴികാട്ടിയും സന്മാർഗത്തിന്റെ ഉറവിടവുമാണ്. നമ്മൾ സത്യവാന്മാരായ മുഅ്മിനാകുന്നതിന് ബയ്അത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും കഴിവിന്റെ പരമാവധി നിറവേറ്റാൻ അവിടന്ന് നമ്മളോടു കർശനമായി നിർദേശിച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്താൽ നമുക്ക് ആത്മീയതയിൽ അഭിവൃദ്ധിപ്പെടാനും നമ്മുടെ ഈമാൻ വർധിപ്പിക്കാനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും വിശുദ്ധഖുർആന്റെ രഹസ്യമായ ജ്ഞാനങ്ങളും സൂക്ഷ്മമായ വശങ്ങളും മനസ്സിലാക്കാനും നബി(സ)തിരുമേനിയുടെ യഥാർഥ സ്ഥാനത്തെ തിരിച്ചറിയാനും നമ്മുടെ സ്വഭാവപരമായ അവസ്ഥ ശരിയാക്കാനും കഴിയും. ഈ ഖജനാവ് നിലവിലുണ്ടായിട്ടും നമ്മൾ അതിനെ പ്രയോജനപ്പെടുത്തുന്നവരായില്ലെങ്കിൽ നമ്മൾ അങ്ങേയറ്റം നിർഭാഗ്യരായിരിക്കും. അതിനാൽ ആ ഗ്രന്ഥങ്ങൾ വായിക്കുക എന്നത് നമ്മൾ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. നമ്മളും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രതീക്ഷകളനുസരിച്ച് ഉന്നതമായ ആത്മീയസ്ഥാനം കരസ്ഥമാക്കുന്നവരാകാൻ അതിൽ ചിന്തിച്ചും ആലോചിച്ചും കർമങ്ങളും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വ്വല്ലദീനഹും മുഹ്സിനൂൻ* എന്ന വഹ്‌യ് എനിക്ക് ഒരുപാടു തവണ ഉണ്ടായി. (16:129) എണ്ണാൻ സാധിക്കാത്ത നിലയിൽ അതുണ്ടായി. 2000 പ്രാവശ്യം ഉണ്ടായിട്ടുണ്ടോ എന്ന് അല്ലാഹുവിനെ അറിയൂ. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഈ ജമാഅത്തിൽ ചേർന്നുവെന്നതിൽ മാത്രം തൃപ്തിപ്പെടാനോ ശുഷ്കമായ ഈമാനിൽ സന്തോഷിക്കാനോ പാടില്ല എന്ന് ജമാഅത്ത് അറിയുക എന്നതാണ്. സത്യസന്ധമായ തഖ്‌വയും അതിനോടൊപ്പം നന്മയും ഉണ്ടാകുമ്പോഴാണ് അല്ലാഹുവിന്റെ സാമീപ്യവും സഹായവും ലഭിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കാലം വളരെ വേഗം  തകർന്നുകൊണ്ടിരിക്കുകയാണ്. അന്യാരാധനയുടെ വിവിധ മാർഗങ്ങളും ഹാനികരമായ അനാചാരങ്ങളും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ബയ്അത്തിന്റെ നേരത്ത് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന് ദൈവസന്നിധിയിൽ പ്രതിജ്ഞ ചെയ്യുന്നു. അതുകൊണ്ട് മരിക്കുന്നതുവരെ ഈ പ്രതിജ്ഞയിൽ നിലകൊള്ളുക. ഇല്ലെങ്കിൽ ബയ്അത്ത് ചെയ്തിട്ടില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക.

അതേ! ഈ പ്രതിജ്ഞയിൽ നിലനിന്നാൽ അല്ലാഹു തീർച്ചയായും നിങ്ങളുടെ മതപരവും ഭൗതികവുമായ കാര്യങ്ങളിൽ ബർക്കത്ത് നല്കും. ദൈവേഷ്ടപ്രകാരം തഖ്‌വ സ്വായത്തമാക്കുക. നമ്മൾ വളരെ അപകടകരമായ കാലത്തിലൂടെയാണ് കടന്നുപോകുന്നത്. ദൈവകോപം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ആരാണോ തങ്ങളെ ദൈവേഷ്ടപ്രകാരം വാർത്തെടുക്കുന്നത് അല്ലാഹു അവരോടും അവരുടെ ഭാവിതലമുറകളോടും കാരുണ്യത്തോടെ പെരുമാറുന്നതായിരിക്കും.

എന്റെ ഖുത്ബകൾ ശ്രദ്ധാപൂർവ്വം കേൾക്കുക എന്ന് ഞാൻ നിങ്ങളെ ഓർമപ്പെടുത്തുകയാണ്. അത് മനസ്സിലാക്കാൻ ശ്രമിക്കുക. എന്റെ നിർദേശങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുക. ഇത് നിങ്ങളുടെ ഈമാനിലും ഖിലാഫത്തുമായിട്ടുള്ള ബന്ധത്തിലും കരുത്തിന് കാരണമാകും. ഇന്ന് ഇസ്‌ലാമിന്റെ പുനരുജ്ജീവനവും ലോകത്ത് സമാധാനസ്ഥാപനവും ഖിലാഫത്ത് വ്യവസ്ഥിതിയെ പിൻപറ്റുന്നതിലൂടെ മാത്രമേ നടക്കുകയുള്ളൂ. അതുകൊണ്ട് നിങ്ങളും നിങ്ങളുടെ തലമുറയും എപ്പോഴും അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗൃഹീത തണലിലും അഭയത്തിലും ഇരിക്കാൻ നിങ്ങൾ എപ്പോഴും ഈ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുക.

അല്ലാഹു നിങ്ങളുടെ ജൽസ വജയിപ്പിക്കുമാറാകട്ടെ. ബയ്അത്തിന്റെ നിബന്ധനയനുസരിച്ച് ജീവിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. തഖ്‌വയിലും ആത്മീയതയിലും എപ്പോഴും അഭിവൃദ്ധിപ്പെടാൻ തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങൾ തഖ്‌വയിലും സൽകർമങ്ങളിലും ദീനീസേവനത്തിലും മാനവസേവയിലും ഉന്നതമായ നിലവാരം കരസ്ഥമാക്കുംവിധം അല്ലാഹു നിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരുമാറാകട്ടെ. അല്ലാഹു നിങ്ങളെല്ലാവരുടേയുംമേൽ കൃപ ചൊരിയുമാറാകട്ടെ. ആമീൻ.

വസ്സലാം

വിനീതൻ.
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്

## ഖുത്ബ ജുമുഅ

### അൽഖയ്റു കുല്ലുഹൂ ഫിൽഖുർആൻ എല്ലാ തരത്തിലുള്ള നന്മകളും ഖുർആനിലുണ്ട്

യഥാർഥ മുഅ്മിൻ വലുതിൽ വലുതായ ത്യാഗം വരിച്ചുകൊണ്ടും അല്ലാഹു എപ്പോഴാണ്, എങ്ങനെയാണ് തൃപ്തിപ്പെടുന്നതെന്നോർത്ത് ഭയപ്പെടുന്നു

നോമ്പ് നമ്മുടെതന്നെ പ്രയോജനത്തിനുവേണ്ടിയാണ് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നത്.

നോമ്പുകളാൽ മനുഷ്യന്റെ ആരോഗ്യത്തിലും തൃപ്തികരമായ സ്വാധീനമുണ്ടാകുന്നു.

നോമ്പുമുഖേന മാനുഷിക ജീവിതത്തിൽ അച്ചടക്കവും ഉണ്ടാകുന്നു

മനുഷ്യൻ ഒരു ആഹാരം ഉപേക്ഷിച്ച്-അത് ശരീരത്തെ മാത്രമെ പരിപാലിക്കുന്നുള്ളു-ആത്മാവിന്റെ സംതൃപ്തിയ്ക്കും വയറുനിറയുന്നതിനും നിമിത്തമാകുന്ന മറ്റൊരു ആഹാരം കരസ്ഥമാക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം.

വെറും റമദാൻ ആഗതമായതിൽ സന്തോഷിക്കുന്നതിലും ആശംസാവചനങ്ങൾ നേരുന്നതിലും മാത്രം ഒതുങ്ങാതെ, അല്ലാഹു വിവരിച്ച നോമ്പിന്റെ ലക്ഷ്യത്തെ നേടിയെടുക്കാനായി നാം പരിശ്രമിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഓരോ ആവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല.

മുഅ്മിൻ സ്ഥിരചിത്തതയോടുകൂടി നന്മകളെ അന്വേഷിക്കുന്നവനാണ്; അത് തുടർന്നുകൊണ്ടുപോകുന്നവനുമാണ്.

ഇനി ദുആയുടെ സ്വീകാര്യതകളിൽ എവിടെയെങ്കിലും കുറവു വന്നിട്ടുണ്ടെങ്കിൽ നമ്മുടെ ഉള്ളിൽത്തന്നെയാണ് കുറവുള്ളത്. അല്ലാഹു പറഞ്ഞത് ഒരിക്കലും തെറ്റാകുകയില്ല.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മെയ് 03/1398 ഹിജ്റത്ത് 03**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
يٰٓأَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ
تَتَّقُوْنَ۝ أَيَّامًا مَّعْدُوْدٰتٍ ؕ فَمَنْ كَانَ مِنْكُمْ مَّرِيْضًا أَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ؕ وَعَلَى الَّذِيْنَ
يُطِيْقُوْنَهٗ فِدْيَةٌ طَعَامُ مِسْكِيْنٍ ؕ فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهٗ ؕ وَأَنْ تَصُوْمُوْا خَيْرٌ لَّكُمْ إِنْ كُنْتُمْ
تَعْلَمُوْنَ۝ شَهْرُ رَمَضَانَ الَّذِيْٓ أُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى وَالْفُرْقَانِ ۚ
فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ؕ وَمَنْ كَانَ مَرِيْضًا أَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ؕ يُرِيْدُ اللّٰهُ
بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۫ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ
تَشْكُرُوْنَ۝ وَإِذَا سَأَلَكَ عِبَادِيْ عَنِّيْ فَإِنِّيْ قَرِيْبٌ ؕ أُجِيْبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا
لِيْ وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ۝ (سورۃ البقرہ: 184 تا 187)

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാണ്: വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; ധാർമികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകുംവിധം നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി.

ഈ വ്രതാനുഷ്ഠാനം ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ അവർ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്കാൻ കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.

സമസ്തമനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട്, നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയാകുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റ് ദിവസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ നന്ദി കാണിക്കുന്നതിനും വേണ്ടിയാകുന്നു.

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്നപക്ഷം, പറയുക: നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ ഞാൻ പ്രാർഥനയ്ക്ക് ഉത്തരം നല്കും. അതുകൊണ്ട് പ്രാർഥിക്കുന്നവനും എന്റെ കല്പന സ്വീകരിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. (2:184–187)

ഈ ആയത്തുകളിൽ അല്ലാഹു നോമ്പിന്റെ അനുഗ്രഹങ്ങളും പ്രാധാന്യവും അതുപോലെ ഈ മാസം സത്യവിശ്വാസകളിൽ അർപിക്കുന്ന ഉത്തരവാദിത്വങ്ങളും ദുആ സ്വീകാര്യതയുടെ രീതിയും വിവരിച്ചിരിക്കുന്നു. അല്ലാഹു ഒരു മാസം നമുക്കായി നിശ്ചയിച്ചിരിക്കുന്നു. അതിൽ തന്റെ ദാസരുടെ അടുത്ത് അല്ലാഹു വരുന്നു. പിശാചിനെ ചങ്ങലയ്ക്കിടുകയും ചെയ്യുന്നു. അതിനാൽ അല്ലാഹു ദാസരുടെമേൽ ഇത്രമാത്രം കാരുണ്യത്തിന്റേയും അനുഗ്രഹത്തിന്റേയും വാതിലുകൾ തുറന്ന് കൊണ്ടിരിക്കുമ്പോൾ അവന്റെ വാക്കുകൾ കേട്ട് നോമ്പിന്റെ കടമ നിർവഹിക്കുന്നതിന് നാം എത്രമാത്രം പരിശ്രമിക്കേണ്ടതാണ്. ഒരവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'റമളാന്റെ ശ്രേഷ്ഠതയേയും അല്ലാഹു എപ്രകാരം ഏതെല്ലാം നിലയിൽ കാരുണ്യവാനായി മാറുന്നുവെന്നും നിങ്ങൾക്ക് അറിയുമായിരുന്നുവെങ്കിൽ വർഷം മുഴുവൻ റമളാനാകുന്നതിനും അതുപോലെ വർഷം മുഴുവൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഒരുമിച്ച് കൂട്ടുന്നതിനും നിങ്ങൾ ആഗ്രഹിക്കുമായിരുന്നു.' അതിനാൽ നോമ്പ്

നമ്മുടെതന്നെ പ്രയോജനത്തിനുവേണ്ടിയാണ് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നത്. ഭൗതികവും ആത്മീയവുമായ എല്ലാ വിധത്തിലുള്ള നേട്ടങ്ങളും നമുക്ക് കരസ്ഥമാക്കാൻ കഴിയുന്നതാണ്. ഇപ്പോൾ അമുസ്‌ലിം ഡോക്ടർമാരും ഇക്കാര്യം അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു; നോമ്പുകളാൽ മനുഷ്യന്റെ ആരോഗ്യത്തിലും തൃപ്തികരമായ സ്വാധീനമുണ്ടാകുന്നു. ആദ്യം കുറച്ചേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അവരുടെ സംഖ്യ വർധിച്ചുകൊണ്ടുപോകുകയാണ്. ഇതു മാത്രമല്ല നോമ്പുമുഖേന മാനുഷിക ജീവിതത്തിൽ അച്ചടക്കവും ഉണ്ടാകുന്നുവെന്നും ചില അമുസ്‌ലിം എഴുത്തുകാർ എഴുതാൻ തുടങ്ങിയിരിക്കുന്നു. എന്തായാലും ഭൗതികരായ ഇവർ എഴുതുകയോ എഴുതാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ, നോമ്പ് ഒരു വിശ്വാസിയുടെ ശാരീരികാവസ്ഥയെ മെച്ചപ്പെടുത്തുന്നതോടൊപ്പം അതിനെക്കാളുപരി ആത്മീയമായ നിലയിലും അവന്റെ അവസ്ഥ ഉന്നതിയിലേക്ക് കൊണ്ടുപോകുന്നതിന് നിമിത്തമാകന്നുവെന്നത് ഒരു യഥാർഥ സത്യവിശ്വാസിക്ക് അനുഭവവേദ്യമാണ്. അതിനാൽ അല്ലാഹുവിന്റെ ഈ കല്പന പ്രകാരം കർമങ്ങൾ ചെയ്തുകൊണ്ട് റമളാൻ മാസത്തിൽ നമ്മുടെ ആത്മീയ പുരോഗതിയ്ക്ക് കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്.

ഓരോ വിശ്വാസിക്കും അല്ലെങ്കിൽ ഓരോ മുസ്‌ലിമിനും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഈ വചനങ്ങളിൽ അല്ലാഹു വിവരിച്ചിരിക്കുന്നത്. രാവിലെ മുതൽ വൈകുന്നേരംവരെ വിശന്നിരിക്കുക എന്നതല്ല നോമ്പ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു ആഹാരം കുറയ്ക്കുകയും മറ്റൊരു ആഹാരം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. വെറും വിശന്നിരിക്കുക എന്നതുമാത്രമല്ല നോമ്പുകൊണ്ടുള്ള ഉദ്ദേശ്യമെന്ന് എപ്പോഴും ഒരു നോമ്പുകാരൻ മുന്നിൽ വെക്കേണ്ടതാണ്. മറിച്ച് അല്ലാഹുവിൽ എല്ലാ ശ്രദ്ധയും കേന്ദ്രീകരിച്ച് അവനിൽ പരിപൂർണമായും ആത്മാർപണം ചെയ്യുന്ന അവസ്ഥ കരസ്ഥമാക്കാനും ഭൗതികയോടുള്ള ബന്ധം വിച്ഛേദിക്കാനും ദൈവസ്മരണയിൽ എപ്പോഴും മുഴുകേണ്ടതാണ്. അതായത് അല്ലാഹുവുമായുള്ള ബന്ധത്തിലും അവനെ ആരാധിക്കുന്നതിലും ദൈവസ്മരണയിലും മനുഷ്യൻ വളരുക. ഭൗതികതയിലേക്കുള്ള ശ്രദ്ധ കുറയ്ക്കുക. ഭൗതികമായ ജോലി ഒപ്പം എന്തായാലും ഉണ്ടാകും. അത് നിലയ്ക്കുകയില്ല. പക്ഷേ, അത് ചെയ്യുമ്പോഴും അല്ലാഹുവിനെ ഓർമയുണ്ടാവണം. അവന്റെ കല്പനകളിൽ ദൃഷ്ടിയുണ്ടാവണം. അവന്റെ സ്മരണ ഉണ്ടായിക്കൊണ്ടിരിക്കണം. അവിടന്ന് പറയുന്നു: മനുഷ്യൻ ഒരു ആഹാരം ഉപേക്ഷിച്ച്-അത് ശരീരത്തെ മാത്രമെ പരിപാലിക്കുന്നുള്ളു-ആത്മാവിന്റെ സംതൃപ്തിയ്ക്കും വയറുനിറയുന്നതിനും നിമിത്തമാകുന്ന മറ്റൊരു ആഹാരം കരസ്ഥമാക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. നോമ്പ് ആചാരമെന്ന നിലയ്ക്കല്ലാതെ അല്ലാഹുവിനുവേണ്ടി മാത്രം അനുഷ്ഠിക്കുന്നവർ അല്ലാഹുവിന്റെ സ്തുതികീർത്തനങ്ങളിലും അവന്റെ പരിശുദ്ധി വാഴ്ത്തുന്നതിലും അവന്റെ ഏകത്വപ്രഖ്യാപനത്തിലും മുഴുകിയിരിക്കേണ്ടതാണ്."(മൽഫൂദാത്ത് വാള്യം 9, പേജ് 123)

നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങൾ വിശന്നിരിക്കണമെന്ന് അല്ലാഹുവിന് ഒരു ഉദ്ദേശ്യവുമില്ല.'(ബുഖാരി, കിതാബുസ്സൗം, ഹദീഥ് 1903)

നിങ്ങളിൽ നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇവിടെ നല്കിയിരിക്കുന്ന ആദ്യ ആയത്തിൽ 'നിങ്ങൾ തഖ്‌വാ കൈക്കൊള്ളുന്നതിനുവേണ്ടിയാണ് നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നതെന്ന്' അല്ലാഹു പറയുന്നു. തഖ്‌വാ എന്താണ്? നിങ്ങൾ ആത്മീയവും സ്വഭാവപരവുമായ ദൗർബല്യങ്ങളിൽ നിന്ന് രക്ഷപ്പെടുക എന്നതാണത്. ഞാൻ മുമ്പേ പറഞ്ഞതുപോലെ 'നിങ്ങൾ വിശന്നിരിക്കണമെന്ന് അല്ലാഹുവിന് ഒരു ഉദ്ദേശ്യവുമില്ല.' എന്ന് നബി (സ)തിരുമേനി പറഞ്ഞു. നോമ്പ് നിങ്ങളുടെ ഉള്ളിൽ ആത്മീയപരവും സ്വഭാവപരവുമായ എല്ലാവിധ ദൗർബല്യങ്ങളിൽനിന്ന് നിങ്ങളെ രക്ഷിക്കുംവിധമുള്ള തഖ്‌വായുടെ നിലവാരം ഉണ്ടാക്കാത്തിടത്തോളം നോമ്പു പിടിക്കുക എന്നത് വ്യർഥമാണ്. തഖ്‌വായുടെ വിശദീകരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ ഇപ്രകാരം നല്കി: 'മുത്തഖിയാകുന്നതിന് വ്യഭിചാരം, മോഷണം, അവകാശ ധ്വംസനം(ജനങ്ങളുടെ അവകാശം തട്ടിയെടുക്കൽ), പ്രദർശനപരത, എടുത്തുചാട്ടം, മറ്റുള്ളവരെ നിന്ദിക്കൽ, പിശുക്ക് തുടങ്ങിയ വലിയ കാര്യങ്ങൾ ഉപേക്ഷിക്കുന്നതിൽ ഉറച്ചുനില്ക്കേണ്ടത് അനിവാര്യമാണ്. (അതായത് ഈ തിന്മകൾ ഉപേക്ഷിക്കുന്നതിൽ സൂക്ഷ്മതയുള്ളവനായിരിക്കേണ്ടതാണ്). 'വൃത്തികെട്ട സ്വാഭാവങ്ങൾ ഉപേക്ഷിച്ച് അതിനെതിരിൽ ശ്രേഷ്ഠമായ സ്വഭാവങ്ങളിൽ അഭിവൃദ്ധിപ്പെടുക.'(സൽസ്വഭാവങ്ങൾ സ്വായത്തമാക്കുക). 'ജനങ്ങളോട് മനുഷ്യത്വത്തോടും സൽസ്വഭാവത്തോടും അനുകമ്പയോടുംകൂടി പെരുമാറുക."(നിങ്ങളുടെ സ്വഭാവം നന്നാക്കിത്തീർക്കുക). അവിടന്ന് പറയുന്നു: 'അല്ലാഹുവിനോട് തികഞ്ഞ ആത്മാർഥതയും സത്യസന്ധതയും പുലർത്തുക.' (ഇതും തഖ്‌വായ്ക്ക് നിർബന്ധമാണ്. അല്ലാഹുവുമായി തികഞ്ഞ ആത്മാർഥതയും സത്യസന്ധതയും പുലർത്തേണ്ടത് അനിവാര്യമാണ്). "സേവനങ്ങളുടെ സ്തുത്യർഹമായ പദവികൾ അന്വേഷിക്കുക." (ഇതിൽ അല്ലാഹുവിനോടുള്ള കടമകളും വന്നു. അല്ലാഹുവിന്റെ കല്പനകൾ നിറവേറ്റുന്നതും ജനങ്ങളുമായുള്ള ബന്ധങ്ങളും അവർക്കുവേണ്ടിയുള്ള സേവനങ്ങളുമെല്ലാം വന്നു. അതായത് എത്തരത്തിലുള്ള നിസ്വാർഥമായ സേവനമാണെന്നാൽ ഇയാൾ യഥാർഥത്തിൽ അല്ലാഹുവിനുവേണ്ടിയാണ് സേവനം ചെയ്തുകൊണ്ടിരിക്കുന്നതെന്നും വ്യക്തിപരമായ ഒരു നേട്ടവും ആഗ്രഹിക്കുന്നില്ലെന്നും ആളുകൾ പറയണം). 'ഈ കാര്യങ്ങളിലൂടെ മനുഷ്യൻ മുത്തഖിയെന്ന് വിളിക്കപ്പെടുന്നതാണ്. ഈ കാര്യങ്ങളെല്ലാം അടങ്ങിയ ആളാണ് യഥാർഥത്തിൽ മുത്തഖി.' അതായത് ഇക്കാര്യങ്ങൾ ഒന്നോ ഒറ്റയോ ഉള്ളയാളെ മുത്തഖിയെന്നു പറയുകയില്ല; മൊത്തത്തിൽ ഉൽക്കൃഷ്ഠ സ്വഭാവങ്ങൾ അവനിലില്ലാത്തിടത്തോളം അവനെ മുത്തഖി എന്നു പറയുകയില്ല. അത്തരക്കാരെ കുറിച്ചാണ് *ലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ* എന്നു പറഞ്ഞിട്ടുള്ളത്. (2:63) അതായത് അവർ ഭയപ്പെടുകയില്ല, അവർ ദുഃഖിക്കുകയുമില്ല.)അല്ലാഹു അവർക്ക് ജാമ്യം നല്കിയിരിക്കുകയാണ്. അല്ലാഹുവിന്റെ ജാമ്യം കിട്ടിയ സ്ഥിതിക്ക് അവർക്ക് മറ്റെന്താണ് വേണ്ടത്. അല്ലാഹു അത്തരക്കാരുടെ വൊലിയായി മാറുന്നു. *വഹുവ യതവല്ല സ്വാലിഹീൻ* (7:197) എന്ന് പറഞ്ഞതു പോലെ. ഹദീഥിൽ വരുന്നു: അല്ലാഹു, അവർ പിടിക്കുന്ന കൈയും അവർ കാണുന്ന കണ്ണും അവർ കേൾക്കുന്ന കാതും അതുപോലെ അവർ നടക്കുന്ന കാലുമായി മാറുന്നു. തന്റെ വൊലിയോടു ശത്രു പുലർത്തുന്നവരോടു തന്നെ നേരിടാൻ തയ്യാറായിക്കൊള്ളുക എന്ന് അല്ലാഹു പറയുമെന്ന് പറഞ്ഞ മറ്റൊരു ഹദീഥുമുണ്ട്. അല്ലാഹുവിന്റെ വൊലിയുടെ മേൽ ആക്രമണം നടത്തുന്നവന്റെമേൽ തന്റെ കുഞ്ഞിനെ തട്ടിയെടുക്കാൻ വരുന്നവന്റെമേൽ സിംഹി ചാടിവീഴുന്നതുപോലെ ചാടിവീഴുമെന്ന് അല്ലാഹു പറയുന്നതായ ഹദീഥുമുണ്ട്."(മൽഫൂദാത്ത് വാള്യം 4 പേജ് 400–401)

അതിനാൽ നോമ്പിനോടുള്ള കടമ നിറവേറ്റി തഖ്‌വായുടെ ഈ നിലവാരമുണ്ടാകുമ്പോൾ ആ നോമ്പുകളും ഒരു മനുഷ്യനെ ഒരു മുഅ്മിനെ ഒരു മുസ്‌ലിമിനെ അല്ലാഹുവിന്റെ പരിചയുടെ പിന്നിൽ കൊണ്ടുവരുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: അല്ലാഹു പറഞ്ഞതായി നബി(സ)തിരുമേനി പറഞ്ഞു: 'നോമ്പ് ഒഴികെ മനുഷ്യന്റെ മറ്റെല്ലാ കർമങ്ങളും അവനു വേണ്ടിയുള്ളതാണ്. നോമ്പ് മനുഷ്യൻ എനിക്ക് വേണ്ടിയാണ് നോൽക്കുന്നത്. അല്ലാഹു പറയുന്നു: നോമ്പ് മനുഷ്യൻ എനിക്കുവേണ്ടിയാണ് പിടിക്കുന്നത്. യഥാർഥ മുഅ്മിൻ അല്ലാഹുവിനുവേണ്ടി നോമ്പു പിടിക്കുന്നു. പിന്നീടു പറഞ്ഞു, ആരാണോ എനിക്കുവേണ്ടി നോമ്പു പിടിക്കുന്നത് ഞാൻ തന്നെയാണ് അവന് പ്രതിഫലം. ഞാനുദ്ദേശിക്കുന്നത് പ്രതിഫലമായി അവന് നല്കുന്നതാണ്. നോമ്പ് ഒരു പരിചയാകുന്നു. നബി (സ)തിരുമേനി ഇങ്ങനെയും പറഞ്ഞിരിക്കുന്നു: ഇനി നിങ്ങളിൽ ആരെങ്കിലും നോമ്പിലാണെങ്കിൽ അനാവശ്യകാര്യങ്ങളിൽ നിന്നും ചീത്തവിളിയിൽ നിന്നും വിട്ട് നില്ക്കുക. ഇനി നിങ്ങളെ ആരെങ്കിലും ചീത്ത വിളിക്കുകയാണെങ്കിൽ, നിങ്ങളോട് കലഹിക്കുയാണെങ്കിൽ അതിന് ഉത്തരമായി 'ഞാൻ നോമ്പ്കാരനാണ്'എന്നുമാത്രം പറയുക. ഞാൻ ഒരു തരത്തിലുള്ള വ്യർഥമായ കാര്യങ്ങളിലും പെടുകയില്ല. ഇത് വിവരിച്ചതിന് ശേഷം നബി(സ) തിരുമേനി പറഞ്ഞു: ആരുടെ കൈകളിലാണോ മുഹമ്മദ്(സ)ന്റെ ജീവൻ ഇരിക്കുന്നത്, അവനെ കൊണ്ട് സത്യം! നോമ്പുകാരന്റെ വായിൽ നിന്ന് വരുന്ന ഗന്ധം അല്ലാഹുവിന് കസ്തൂരിയെക്കാൾ ഉത്തമമാകുന്നു. അതിന്റെ സുഗന്ധം കസ്തൂരിയുടെ സുഗന്ധത്തെക്കാൾ കൂടുതൽ നല്ലതാണ്. അവിടന്ന് പറഞ്ഞു: നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. ഒന്ന് അവൻ നോമ്പ് തുറക്കുമ്പോൾ. അല്ലാഹു അവന് നോമ്പുതുറക്കാനുള്ള സാധനങ്ങൾ ലഭ്യമാക്കി. രണ്ട് നോമ്പു കാരണമായി അവൻ തന്റെ നാഥനുമായി കണ്ടുമുട്ടുമ്പോൾ. കാരണം താനാണ് നോമ്പിന്റെ പ്രതിഫലമെന്ന് അല്ലാഹു പറഞ്ഞു. ഞാൻ അവന് പ്രതിഫലം നൽകും. അല്ലാഹുവിനുവേണ്ടി നോമ്പുനോറ്റവന് അല്ലാഹു അതിരില്ലാതെ പ്രതിഫലം നല്കുന്നതാണ്. അവിടെ അവന്റെ സന്തോഷത്തിന്റെ സ്ഥാനവും മറ്റൊന്നായിരിക്കും.(സ്വഹീഹ് ബുഖാരി, കിതാബുസ്സൗം, ഹദീഥ് 1904)

അതിനാൽ തഖ്‌വയുടെ ഈ നിലവാരമാണ് ഒരു യഥാർഥ നോമ്പുകാരൻ നേടിയെടുക്കേണ്ടത്. യഥാർഥ നോമ്പുകാരൻ പിന്നീട് നേടിയെടുക്കുകയും ചെയ്യുന്നു. അതിനാൽ നോമ്പ് ഭൗതികതയുടെ എല്ലാതരത്തിലുള്ള കലർപ്പുകളിൽനിന്നും പരിശുദ്ധമാക്കി പിടിക്കുക. ആത്മീയവും സ്വഭാവപരവുമായ എല്ലാവിധ ദൗർബല്യങ്ങളിൽനിന്ന് രക്ഷപ്പെട്ട് നോമ്പുകാരൻ തന്റെ ദിവസങ്ങൾ കഴിച്ചുകൂട്ടുക. താൻ നോമ്പുപിടിച്ചുവെന്നതിൽ മാത്രം സന്തോഷിക്കാതിരിക്കുക. ബാഹ്യമായി നോമ്പു പിടിക്കുന്ന ആളുകൾ എത്രയോ ലോകത്തുണ്ട്. പക്ഷേ, നമസ്കാരങ്ങളിൽ വേണ്ടുന്ന നിലവാരമോ നോമ്പിൽവേണ്ടുന്ന നിലവാരമോ അതിലൊന്നുമുണ്ടാകുന്നില്ല. അതുപോലെതന്നെ സ്വഭാവത്തിൽവേണ്ടുന്ന നിലവാരവും ഉണ്ടാകുന്നില്ല.

ഈ മാസത്തിൽ പിശാച് ബന്ധനസ്ഥനാക്കപ്പെടുന്നുവെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടും റമളാനിൽ എന്തുകൊണ്ട് തിന്മകൾ ഉണ്ടാകുന്നു? നോമ്പിന്റെ യാഥാർഥ്യം മനസിലാക്കി, തഖ്‌വ സ്വായത്തമാക്കുന്നവർക്കാണ് നോമ്പ് പരിചയാകുന്നതും പിശാചിന്റെ ആക്രമണത്തിൽ നിന്ന് അത് രക്ഷിക്കുന്നതും. ഈ ഒരു ലക്ഷ്യമാണ് നാം എപ്പോഴും മുന്നിൽ വെക്കേണ്ടത്. നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞു: നി

സംശയം! സ്വർഗകവാടം ഈ മാസത്തിൽ തുറക്കപ്പെടുന്നതാണ്. നരകത്തിന്റെ കവാടം അടയ്ക്കപ്പെടുന്നു. ശയ്ത്വാനെ ചങ്ങലയ്ക്കിടുകയും ചെയ്യുന്നു. (സ്വഹീഹ് മുസ്‌ലിം, കിതാബുസ്സിയാം, ഹദീഥ് 1072)

പക്ഷേ, എന്നിട്ടും അവിടന്ന് ഇങ്ങനേയും മുന്നറിയിപ്പ് നല്കി, റമളാൻ പ്രാപിച്ചിട്ടും പൊറുപ്പിക്കാത്തവൻ പിന്നെ എപ്പോൾ പാപം പൊറുപ്പിക്കാനാണ്.(സുനനുത്തുർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്, ഹദീഥ് 3545)

ഇക്കാര്യമാണ് അവിടന്ന് നമ്മളോടു പറയുന്നത്. മുസ്‌ലീംകളെന്ന് പറയുന്നവരോടു പറയുന്നത്. നിങ്ങളിൽ നോമ്പു നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്നും ആ ദിനങ്ങളിൽ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്നതിലും സ്വഭാവപരമായ ഉന്നതനിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുന്നതിലും വ്യാപൃതരാവണമെന്നും പറഞ്ഞിട്ടുള്ളവരോടു പറയുന്നത്. ഇങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ റമളാന്റെ വരവും ശയ്ത്വാനെ ചങ്ങലയ്ക്കിടലും സ്വർഗകവാടങ്ങൾ തുറക്കലും നരകകവാടങ്ങൾ പൂട്ടലും ഒരു ഫലവും ചെയ്യുകയില്ല. അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ ഇത്ര വിശാലമായ കാരുണ്യമുണ്ടായിട്ടും പാപങ്ങൾ പൊറുപ്പിക്കാനുള്ള സാഹചര്യം ഒരുക്കുന്നില്ലെങ്കിൽ പിന്നീട് എപ്പോഴാണ് ഒരുക്കുക? അതിനാൽ വെറും റമദാൻ ആഗതമായതിൽ സന്തോഷിക്കുന്നതിലും ആശംസാവചനങ്ങൾ നേരുന്നതിലും മാത്രം ഒതുങ്ങാതെ, അല്ലാഹു വിവരിച്ച നോമ്പിന്റെ ലക്ഷ്യത്തെ നേടിയെടുക്കാനായി നാം പരിശ്രമിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. അല്ലാഹു നമുക്ക് അത് കരസ്ഥമാക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ പാപപൊറുതിയുടെയും പൊറുക്കലിന്റെയും പുതപ്പ് നമ്മുടെ മേൽ വിരിക്കുമാറാകട്ടെ.

അടുത്ത ആയത്തിൽ അല്ലാഹു ഏതെല്ലാം അവസ്ഥകളിലാണ് നോമ്പിൽ നിന്ന് ഒഴിവ് എടുക്കാൻ കഴിയുക എന്നും വിവരിച്ചിരിക്കുന്നു. പക്ഷേ, അതു പറയുന്നതിനു മുമ്പേ വ്യക്തമാക്കാനാഗ്രഹിക്കുന്നത് 'ഞാൻ തന്നെയാണ് നോമ്പിന്റെ പ്രതിഫലമായിത്തീരുന്ന'തെന്ന് അല്ലാഹു പറഞ്ഞു. മുഅ്മിനീംകൾക്ക് പ്രത്യേകമായ നിലയിൽ പൊറുത്തുകൊടുക്കാനുള്ള സംവിധാനമൊരുക്കുന്നതാണ്. അതുകൊണ്ട് നമ്മൾ നോമ്പുപിടിച്ച് വളരെ വലിയ ത്യാഗം ചെയ്തുവെന്നും അക്കാരണത്താലാണ് അല്ലാഹുവിന്റെ ദയയുടേയും അനുകമ്പയുടേയും പൊറുക്കലിന്റേയും ചാദുർ നമ്മുടെമേൽ വിരിക്കപ്പെട്ടതെന്ന് ധരിക്കരുത്. നിസംശയം അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുകമ്പയും വിശാലമാക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഇത് അങ്ങനെയുള്ള വലിയ ത്യാഗമൊന്നുമല്ല. ഇടയത്താഴത്തിന്റെ നേരത്തും നമ്മൾ വയറുനിറയെ തിന്നുന്നു. നോമ്പു തുറക്കുന്ന നേരത്തും ഓരോരുത്തരും അവരുടെ ഇഷ്ടമനുസരിച്ച് തിന്നുന്നു. അപ്പോൾ പിന്നെ ഇതെന്തൊരു സുസ്ഥിരമായ ത്യാഗമാണ്. വർഷത്തിലെ എണ്ണപ്പെട്ട ചില ദിനങ്ങൾ മാത്രമാണ്. ചിലയാളുകൾ നോമ്പുപിടിച്ചിട്ട് വളരെ അഭിമാനത്തോടെ പറയാറുണ്ട്, തങ്ങൾ നോമ്പു പിടിച്ചിരിക്കുന്നുവെന്ന്. പ്രകടിപ്പിക്കാൻ മാത്രം ഇത് വളരെ വലിയ ത്യാഗമൊന്നുമല്ല. യഥാർഥ മുഅ്മിൻ വലുതിൽ വലുതായ ത്യാഗം വരിച്ചുകൊണ്ടും അല്ലാഹു എപ്പോഴാണ്, എങ്ങനെയാണ് തൃപ്തിപ്പെടുന്നതെന്നോർത്ത് ഭയപ്പെടുന്നു; എന്നിട്ടല്ലെ പ്രകടിപ്പിച്ച് നടക്കുക! പക്ഷേ, ഇത് എണ്ണപ്പെട്ട ചിലദിനങ്ങളാണെന്ന് അല്ലാഹു പറയുന്നു. വർഷത്തിന്റെ പന്ത്രണ്ടിലൊരു ഭാഗമാണ്. പറഞ്ഞു, എടുത്തുപറയാൻ പറ്റിയ വളരെ വലിയ ത്യാഗമൊന്നുമല്ല ഇത്. പിന്നീട് പറഞ്ഞു, ഈ എണ്ണപ്പെട്ട ദിനങ്ങളിലും അല്ലാഹു തന്റെ കാരുണ്യംകൊണ്ട് നിങ്ങളെ അനുഗ്രഹിക്കുന്നു. ഇതിന്നിടയിൽ നിങ്ങൾ രോഗികളാകുകയാണെങ്കിൽ അല്ലെങ്കിൽ യാത്ര ചെയ്യേണ്ടി വരുകയാണെങ്കിൽ നോമ്പിൽനിന്ന് ആ ദിനങ്ങളിൽ നിങ്ങൾക്ക് അവധിയുണ്ട്. എന്നാൽ, ഈ എണ്ണം, നിങ്ങൾക്കു പിടിക്കാൻ സാധിക്കാതിരുന്ന നോമ്പുകൾ ഈ വർഷത്തിൽ എപ്പോഴെങ്കിലും പിടിച്ചുവീട്ടേണ്ടതാണ്. നിത്യരോഗിയാണെങ്കിൽ ഒഴിവ് കഴിവ് പറയുന്നവനല്ലെങ്കിൽ ഡോക്ടർ നോമ്പ് എടുക്കരുതെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത്തരക്കാർ ഒരു അഗതിയെകൊണ്ട് നോമ്പ് എടുപ്പിക്കുക. കഴിവുണ്ടെങ്കിൽ അത് നിർബന്ധമാണ്. എന്നാൽ, കഴിവില്ലെങ്കിൽ, സ്വയം ദാനധർമ്മങ്ങൾകൊണ്ടാണ് ചെലവു കഴിയുന്നതെങ്കിൽ അയാൾക്ക് ഇത് ബാധകമല്ല. ഇനി അയാൾക്ക് ഫിദ്‌യ കൊടുക്കാനും കഴിവുണ്ടെങ്കിൽ കൊടുക്കുക; പിന്നീട് നോമ്പും നോല്ക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു, അല്ലാഹു എല്ലാ ഓരോരുത്തർക്കും അവന്റെ കഴിവിനെക്കാൾ കൂടുതൽ വിഷമം നല്കുകയില്ല; കഴിവിനനുസരിച്ച് അവിടന്ന് പറയുന്നു, 'എത്ര കഴിവുണ്ടോ അത്ര! എത്ര മാത്രം കഴിയുമോ സ്വയം തിന്നുകയും കുടിക്കുകയും ചെയ്യുന്നതനുസരിച്ച് വിട്ടുപോയതിന് ഫിദ്‌യ നല്കുക. ഭാവിയിൽ തീർച്ചയായും നോമ്പു പിടിക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.'(മൽഫൂദാത്ത് വാള്യം 4, പേജ് 350)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ഫിദ്‌യ എന്തിന് വേണ്ടിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന് ഒരിക്കൽ എന്റെ മനസിൽ വിചാരമുണ്ടായി. എനിക്കു മനസ്സിലായി(ഞാൻ ചിന്തിച്ചു, പിന്നീട് എന്നിൽ വ്യക്തമാക്കപ്പെട്ടു) തൗഫീഖ് കിട്ടുന്നതിനുവേണ്ടിയാണെന്ന്.' അല്ലാഹു നോമ്പു പിടിക്കുന്നതിന് തൗഫീഖ് നല്കുന്നതിനുവേണ്ടിയാണത്. അവിടന്ന് പറയുന്നു: 'അല്ലാഹു എല്ലാത്തിനും സർവശക്തിനാണ്. കാസരോഗിയ്ക്കുപോലും നോമ്പു പിടിക്കാനുള്ള കഴിവു പ്രദാനം ചെയ്യാൻ അവനു കഴിയും.'ശ്വാസമുട്ടലും, ടി.ബിയും ബാധിച്ചിട്ടുള്ള രോഗിക്കുപോലും അവന്റെ ആരോഗ്യം നന്നാക്കാനും നോമ്പുപിടിക്കാനും അല്ലാഹുവിന് ശക്തിപകരാൻ കഴിയും. അവിടന്ന് പറയുന്നു: ശക്തി കരസ്ഥമാകുകയെന്നതാണ് ഫിദ്‌യ കൊണ്ടുള്ള ഉദ്ദേശ്യം. ഇത് അല്ലാഹുവിന്റെ ഫള്ല് കൊണ്ടാണ് ഉണ്ടാകുന്നത്.' അവിടന്ന് പറയുന്നു: 'ഇലാഹീ! ഇത് നിന്റെ ഒരു അനുഗൃഹീത മാസമാണ്. ഞാൻ അത് നിഷേധിക്കപ്പെടുന്നവനായിരിക്കുകയാണ്. അടുത്ത് വർഷം ജീവിച്ചിരിക്കുമോ ഇല്ലേ എന്നറിയില്ല. പിടിക്കാൻ പറ്റാത്ത നോമ്പു പിടിച്ചുവീട്ടാൻ കഴിയുമോ എന്നും അറിയില്ല,(വീണ്ടും ആരോഗ്യം കിട്ടുമോ എന്നറിയില്ല)എന്നിങ്ങനെ ദുആ ചെയ്ത് അവനോടു തൗഫീഖ് തേടുന്നത് എന്റെ നോട്ടത്തിൽ വളരെ നല്ലതാണ്.'അവിടന്ന് പറയുന്നു, ഇക്കാര്യങ്ങൾ പറഞ്ഞ് മനുഷ്യൻ അല്ലാഹുവിനോടു തൗഫീഖ് തേടുക.(മൽഫൂദാത്ത് വാള്യം 4, പേജ് 258)

താൽക്കാലിക രോഗിയ്ക്കും ഫിദ്‌യ നല്കാവുന്നതാണ്. യാത്ര അവസാനിക്കുമ്പോഴും ആരോഗ്യം മടക്കിക്കിട്ടുമ്പോഴും നോമ്പുപിടിക്കേണ്ടത് നിർബന്ധമാണ്. ഈ രണ്ടു കാര്യവും അതിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. അവിടന്ന് പറയുന്നു: 'ആരോഗ്യവാന്മാരായി നോമ്പ് പിടിക്കാൻ അർഹരായി തീരുന്നവർ കേവലം ഫിദ്‌യയെ കുറിച്ച് ചിന്തിക്കുന്നത് അനുവദനീയമാക്കലിന്റെ വാതിൽ തുറക്കുകയാണ്.' റമളാനിൽ രോഗിയാകുകയും പിന്നീട് രോഗം സുഖപ്പെടുകയും ചെയ്യുന്നവർ തങ്ങൾ റമളാനിൽ നോമ്പു നോറ്റിട്ടില്ലെന്നും ഫിദ്‌യ കൊടുത്തുവെന്നും പറയുന്നത് അനുവദനീയമാക്കലിന്റെ വാതിൽ തുറക്കുകയാണ് ചെയ്യുന്നത്. അനാവശ്യമായി അനുവാദത്തിന്റെ വഴികൾ തുറക്കുകയാണ്. തെറ്റായ ബിദ്അത്തുകൾ-ദുരാചാരങ്ങൾ ഉണ്ടാക്കുകയാണ്. ഇനി റമളാനിൽ ഫിദ്‌യ നല്കിയാൽ തന്നെയും റമളാനുശേഷം നോമ്പ് എടുക്കേണ്ടത് നിർബന്ധമാണ്. വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും പിടിക്കാവുന്നതാണ്. അവിടന്ന് പറയുന്നു: നിത്യരോഗിയുടേയും, മുലയൂട്ടുന്ന ഉമ്മമാരുടേയും ഗർഭിണികളുടേയും അവസ്ഥ അതുപോലെ കടന്നുപോയാൽ കേവലം ഫിദ്‌യ കൊടുക്കുന്നത് അവർക്ക് മതിയായതാണ്. എന്നാൽ, അവർ ഫിദ്‌യയോടൊപ്പം ഈ മാസത്തിലെ ഇബാദത്തുകളും ദൈവസ്മരണകളും മറ്റ് നന്മകളും തുടർന്നുകൊണ്ടുപോകേണ്ടത് നിർബന്ധമാണ്.' ഫിദ്‌യ നല്കിയാൽ ബാക്കിയുള്ളതിൽ നിന്നെല്ലാം മുക്തി ലഭിച്ചുവെന്നല്ല അർഥം. നോമ്പു പിടിക്കുന്നില്ലെങ്കിൽത്തന്നെയും ഫിദ്‌യ കൊടുക്കുകയും മറ്റു നന്മകൾ തുടർന്നു കൊണ്ടുപോകുകയും ചെയ്യുന്നത് റമളാന്റെ അനുഗ്രഹത്തിന് പാത്രമാക്കുന്നതായിരിക്കും. ഫിദ്‌യ കൊടുത്ത് നമസ്കാരവും മറ്റു നന്മകളും മറക്കുക എന്നത് ആരേയും മുഅ്മിനാക്കുകയില്ല. യഥാർഥ മുഅ്മിനാക്കുകയില്ല. റമളാന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കാക്കുകയുമില്ല.'(മൽഫൂദാത്ത് വാള്യം 9, പേജ് 433)

പിന്നീട് അല്ലാഹു ഈ ആയത്തിൽ പറയുന്നു: 'നിങ്ങൾ പൂർണ അനുസരണത്തോടെ ഏതൊരു നന്മചെയ്താലും അല്ലാഹുവിന്റെ കല്പന മനസ് ആഗ്രഹിക്കാതെ ചെയ്താലും അല്ലാഹു അതിന് സൽഫലങ്ങൾ ഉണ്ടാക്കുന്നതാണ്. ചിലരുടെ അഭിപ്രായത്തിൽ *ഫമൻ തത്വവ്വഅ ഖയ്റൻ* എന്നതിന്റെ ഉദ്ദേശ്യം ഏതെങ്കിലും പ്രവൃത്തി ഐച്ഛികമായ നിലയിൽ നിങ്ങൾ ചെയ്താലും അത് നിങ്ങൾക്ക് ഉത്തമമായിരിക്കുമെന്നാണ്. ഇതിന് രണ്ടുദ്ദേശ്യവുമുണ്ട്. അതായത് ഐച്ഛികമായ നിലയിൽ കൂടുതൽ ഫിദ്‌യ കൊടുത്താലും അല്ലെങ്കിൽ ഒന്നിനുപകരം രണ്ടു അഗതിക്ക് ഭക്ഷണം കൊടുത്താലും ഇന്ന് എന്തെങ്കിലും കാരണത്താൽ നോമ്പുപിടിക്കാൻ കഴിഞ്ഞില്ല, നാളെ എന്തായാലും നോമ്പുപിടിക്കുമെന്ന് ഉറപ്പിച്ചിട്ടും ഫിദ്‌യ കൊടുത്താലും ഇതെല്ലാം കൂടുതൽ നന്മയാണ്. അല്ലാഹു പറയുന്നു, ഇത് നിങ്ങൾക്ക് ഉത്തമമാണ്. സന്തോഷത്തോടെ സ്വയം വിഷമം പേറി ചെയ്താലും ഐച്ഛികമായ നന്മകൾ ചെയ്താലും അല്ലാഹു നിങ്ങൾക്ക് അതിന് പ്രതിഫലം നല്കുന്നതാണ്. ഈ ആയത്തിന്റെ അവസാനത്തിൽ അല്ലാഹു വീണ്ടും പറഞ്ഞു, നോമ്പു പിടിക്കുക എന്നത് നിങ്ങൾക്ക് ഏതുവിധത്തിലും ഗുണകരമാണ്.

ഇതിന്റെ അടുത്ത വചനത്തിൽ അല്ലാഹു പറയുന്നു, ഈ മാസത്തിൽ നാം വിശുദ്ധ ഖുർആൻ അവതരിപ്പിച്ചു. അത് നിങ്ങളുടെ സന്മാർഗത്തിന് കാരണമാണ്. അത് പരസ്യമായതും തെളിമയാർന്നതുമായ തെളിവുകളും അടയാളങ്ങളും ഉൾക്കൊള്ളുന്നു.

വിശുദ്ധ ഖുർആന് റമളാനുമായി ഒരു പ്രത്യേക ബന്ധമുള്ളതിനാൽ ഈ മാസത്തിൽ നോമ്പിനോടൊപ്പം അത് പാരായണം ചെയ്യുകയും അതിൽ ചിന്തിക്കുകയും അതിന്റെ കല്പനകൾ അന്വേഷിക്കുകയും അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്; അങ്ങനെ റമളാന്റെ നോമ്പുകളിൽ നിന്ന് നമുക്ക് ശരിയായ അനുഗ്രഹം നേടാൻ!വിശുദ്ധ ഖുർആന്റെ അഗാധമായ അർഥതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ എല്ലാവർക്കും സാധിക്കുകയില്ല. അതിനാൽ, വിശുദ്ധ ഖുർആൻ തർജമയോടൊപ്പം പാരായണം ചെയ്യാൻ കഴിയുന്നവർ പാരായണം ചെയ്യുകയും അതിനോടൊപ്പം ജമാഅത്തുപരമായി സംഘടിപ്പിച്ചിട്ടുള്ള ദറസുകളെ പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതുപോലെ തന്നെ എം.ടി.എയിൽ പതിവായി ദറസിനു

ള്ള സംവിധാനമുണ്ട്. അതും നിർബന്ധമായും പ്രയോജനപ്പെടുത്തുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ദർസുൽ ഖുർആൻ അതിൽ സംപ്രേഷണം ചെയ്യുന്നുണ്ട്. ഈ മാസം അധികമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ നബി(സ)തിരുമേനിയുടെ നിർദേശിച്ചിട്ടുമുണ്ട്. അതായത് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന കാര്യത്തിൽ സാധാരണ ദിവസങ്ങളിലും ഒരഹ്മദി അധികമായി ശ്രദ്ധചെലുത്തേണ്ടതാണ്. എന്നാൽ, റമളാൻ മാസത്തിൽ പ്രത്യേകമായ നിലയിൽ അത് ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നോമ്പ് അനുഷ്ഠിക്കൽ പ്രയോജനരഹിതമാണ്. ഈ മാസത്തിൽ വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടുവെന്ന് അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. നബി(സ)തിരുമേനി കർക്കശമായി പറയുകയും ചെയ്തു. ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യസേവകനെ വിശ്വസിക്കാൻ തൗഫീഖ് കിട്ടിയ നമ്മൾ ഭാഗ്യവാന്മാരാണ്. അദ്ദേഹം നമുക്ക് വിശുദ്ധ ഖുർആന്റെ രഹസ്യങ്ങളുടേയും അടയാളങ്ങളുടേയും വ്യഖ്യാനങ്ങളുടേയും അർഥങ്ങളുടേയും പുതിയ പുതിയ വശങ്ങൾ പറഞ്ഞുതരികയും അതനുസരിച്ച് പ്രവർത്തിക്കാനും വിശുദ്ധ ഖുർആനെ ആദരിക്കാനും അത് പാരായണം ചെയ്യാനും അതിൽ ചിന്തിക്കാനും പ്രത്യേകമായി പറയുകയും ചെയ്തു. എത്രമാത്രം പ്രത്യേക ശ്രദ്ധയോടുകൂടി അത് വായിച്ച് കർമങ്ങൾ ചെയ്യേണ്ടതാണെന്നും നിങ്ങളുടെ അവസ്ഥയിൽ എന്തുമാറ്റമാണ് വരുത്തേണ്ടതെന്നും നമ്മളോടു അവിടന്ന് പറഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഭൗതികമായ അറിവും ഖുർആനിക അറിവും കരസ്ഥമാക്കുന്നതിൽ അതിമഹത്തായ ഒരു വ്യത്യാസമുണ്ട്. ഭൗതികവും ആചാരപരവുമായ വിജ്ഞാനം കരസ്ഥമാക്കുന്നതിന് തഖ്വായുടെ നിബന്ധനയില്ല. അറബി വ്യാകരണമോ പ്രകൃതിശാസ്ത്രമോ തത്ത്വശാസ്ത്രമോ ഗോളശാസ്ത്രമോ വൈദ്യശാസ്ത്രമോ പഠിക്കുന്നതിന് ഇത് നിർബന്ധകാര്യമല്ല. (അറബി ഗ്രാമർ, പ്രകൃതിശാസ്ത്രം, തത്ത്വശാസ്ത്രം, അസ്ട്രോണമി, വൈദ്യം, മെഡിസിൻ തുടങ്ങിയവ പഠിക്കുന്നതിന് തഖ്വാ നിർബന്ധമല്ല). നോമ്പും നമസ്കാരവും നിർവഹിക്കേണ്ടതും നിർബന്ധമല്ല. വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന് നോമ്പ് പിടിക്കേണ്ടതും നിർബന്ധമാണ്. ആരാധനാകർമങ്ങൾ നിർവഹിക്കേണ്ടതും നിർബന്ധമാണ്. നമസ്കരിക്കേണ്ടതും നിർബന്ധമാണ്. തഖ്വയിൽ അഭിവൃദ്ധിപ്പെടേണ്ടതും നിർബന്ധമാണ്. അവിടന്ന് പറഞ്ഞു: അവൻ നോമ്പും നമസ്കാരവും അനുഷ്ഠിക്കേണ്ടത് നിർബന്ധമുള്ള കാര്യമല്ല. വിധിവിലക്കുകൾ എപ്പോഴും മുന്നിൽവെക്കേണ്ട ആവശ്യവുമില്ല. അല്ലാഹു ചെയ്യാൻ പറഞ്ഞതും ചെയ്യരുതെന്ന് പറഞ്ഞതുമായ കാര്യങ്ങൾ എപ്പോഴും മുന്നിൽ വെക്കേണ്ട ആവശ്യമില്ല. ഒരു സാധാരണക്കാരന് ഇത് നർബന്ധമായ കാര്യമല്ല. പക്ഷേ, വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ കരസ്ഥമാക്കുന്നതിന് ഇത് അത്യാവശ്യമാണ്. ഭൗതികമായ ജ്ഞാനങ്ങൾ കരസ്ഥമാക്കുന്നതിന് നിർബന്ധമല്ല. അവിടന്ന് പറയുന്നു: നിങ്ങളുടെ എല്ലാ പ്രവൃത്തികളും വാക്കുകളും അല്ലാഹുവിന്റെ കല്പനകളുടെ ഭരണത്തിന്റെ കീഴിൽ വെക്കുക. ഭൗതികജ്ഞാനങ്ങളിൽ വിദഗ്ദ്ധരും അന്വേഷിക്കുന്നവരും നിരീശ്വരരായ മനുഷ്യരായിക്കൊണ്ട് എല്ലാത്തരത്തിലുള്ള ആജ്ഞാലംഘനങ്ങളിലും കുറ്റകൃത്യങ്ങളിലും അകപ്പെടുന്നതായി ചില ഘട്ടങ്ങളിൽ കണ്ടുവരുന്നു. ഇന്ന് ലോകത്തിന്റെ മുമ്പിൽ ശക്തമായ അനുഭവമുണ്ട്. യൂറോപ്പും അമേരിക്കും ഭൗമികമായ അറിവുകളിൽ വലിയ വലിയ പുരോഗതി നേടിക്കൊണ്ടിരുന്നിട്ടും വർത്തമാനകാലത്ത് പുതിയ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരുന്നിട്ടും അവരുടെ ആത്മീയവും സ്വഭാവപരവുമായ അവസ്ഥ വളരെ ലജ്ജാർഹമാണ്. ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് ഇക്കാലത്തിന് ഉപരിയായി സ്വാതന്ത്ര്യത്തിന്റെ പേരിൽ ധാർമികാധഃപതനത്തിൽ വർധിച്ചുകൊണ്ടുപോകുകയാണ്. അവിടന്ന് പറയുന്നു: ലണ്ടനിലെ പാർക്കുകളിലേയും പ്യാരിസിലെ ഹോട്ടലുകളിലേയും അവസ്ഥകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് നമുക്ക് പറയാൻ കൂടി കഴിയുകയില്ല. എന്നാൽ, ദിവ്യമായ അറിവുകളും ഖുർആനിക രഹസ്യങ്ങളും അറിയുന്നതിന് തഖ്വാ ഒന്നാമത്തെ നിബന്ധനയാണ്. അതിന് 'തൗബത്തുന്നസൂഹി'ന്റെ അവശ്യമുണ്ട്. അതായത് സത്യസന്ധമായ നിലയിലുള്ള പശ്ചാത്താപം. മനുഷ്യൻ പൂർണമായ എളിമയോടും വിനയത്തോടും താഴ്മയോടും അച്ചടക്കത്തോടുംകൂടി അല്ലാഹുവിന്റെ കല്പനകളെ ശിരസാവഹിക്കാത്തിടത്തോളം അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം അവന്റെ പ്രതാപവും പ്രഭുശക്തിയും കണ്ട് വിറച്ച് അനുസരണത്തോടുകൂടി മടങ്ങാത്തിടത്തോളം വിശുദ്ധ ഖുർആന്റെ കവാടം തുറക്കുകയില്ല. ആത്മാവിന്റെ ആവിശേഷതകളുടേയും കഴിവുകളുടേയും പരിപാലനത്തിനുളള സാധനകളും അവന് വിശുദ്ധ ഖുർആനിൽനിന്ന് ലഭിക്കുകയില്ല; അത് പ്രാപിച്ചിട്ടാണ് ആത്മാവിൽ ഒരു രുചിയും തൃപ്തിയുമുണ്ടാകുന്നത്.

വിശുദ്ധ ഖുർആനിലെ ജ്ഞാനങ്ങൾ മനസ്സിലാക്കുന്നതിന് തഖ്വാ അഥവാ ഈശ്വരഭക്തി വളരെ നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അതിലെ ജ്ഞാനങ്ങൾ അല്ലാഹുവിന്റെ കൈകളിലാണ്. അതിനുള്ള തഖ്വാ ഗോവണി എന്ന നിലയ്ക്കുളളതാണ്. ആ ഏണി വെക്കുകയാണെങ്കിൽ, തഖ്വായുടെ ഏണി ഉപയോഗിക്കുകയാണെങ്കിൽ ഖുർആനിക ജ്ഞാനങ്ങളുടെ ഗ്രാഹ്യം കരസ്ഥമാകുന്നതായിരിക്കും. അപ്പോൾ ഈമാനില്ലാത്തവനും ദ്രോഹിക്കും ദുഷ്ടാത്മാവിനും ഭൗമികാഗ്രഹങ്ങളുടെ തടവിൽ കഴിയുന്നവനും അവകൊണ്ട് ഭാഗ്യവാനാകാൻ കഴിയുന്നതെങ്ങനെ? ഇതിനുവേണ്ടി ഒരു മുസ്ലിം മുസ്ലിം എന്നു പറഞ്ഞിട്ട് അറബി വ്യാകരണം തുടങ്ങിയ അറിവുകളുടെ എത്ര വലിയ പണ്ഡിതനാണെങ്കിലും അറബി സാഹിത്യത്തിൽ പ്രാവാവീണ്യമുള്ള ആളാണെങ്കിലും വിശുദ്ധഖുർആന്റെ അർഥം നല്ലവണ്ണം ചെയ്യാൻ കഴിവുള്ള ആളാണെങ്കിലും ആത്മസംസ്കരണം നടത്തുന്നില്ലെങ്കിൽ വിശുദ്ധഖുർആന്റെ അറിവുകളിൽനിന്ന് അയാൾക്ക് ഓഹരി നല്കപ്പെടുന്നതല്ല. പറയുന്നു. ഇക്കാലത്ത് ജനങ്ങളുടെ ശ്രദ്ധ ഭൗതികവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിലേക്ക് വളരെയധികം കുനിഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. പാശ്ചാത്യ വെളിച്ചം മുഴുലോകത്തേയും തങ്ങളുടെ പുതിയ കണ്ടുപിടിത്തങ്ങളിലും നിർമിതികളിലും അത്ഭുതപ്പെടുത്തിവെച്ചിരിക്കുന്നു. മുസ്ലിംകളും തങ്ങളുടെ വിജയത്തിന്റെയും ഉന്നതിയുടേയും എന്തെങ്കിലും വഴി ചിന്തിച്ചിട്ടുണ്ടെങ്കിൽ ദൗർഭാഗ്യവശാൽ പാശ്ചാത്യരെ തങ്ങളുടെ ഇമാമാക്കാനാണ്. ഭൗതികതയിലേക്ക് പതിഞ്ഞിരിക്കുന്നു. ഭൗതികമായ അഭിവൃദ്ധിയാണ് എല്ലാമെന്ന് മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. പറഞ്ഞു. ഇതാണ് പുതുവെളിച്ചത്തിന്റെ മുസ്ലിംകളുടെ അവസ്ഥ. പഴയകാല ഫാഷന്റെ മുസ്ലിംകൾ എന്നു പറയുന്നവർ തങ്ങളെ ദീനിന്റെ സഹായികളെന്ന് മനസ്സിലാക്കുന്നു. അവരുടെ മുഴുവൻ ജീവിതത്തിന്റേയും സംഗ്രഹം എന്നു പറയുന്നത് അറബ് വ്യാകരണങ്ങളുടെ കലഹങ്ങളിലും വിവാദങ്ങളിലും കുടുങ്ങിക്കിടക്കുന്നു. 'ളാല്ലീൻ' എന്ന പദത്തിന്റെ പിന്നാലെയാണ്. ഗ്രാമർ എന്താണ്, അറബി വ്യാകരണമെന്താണ്, വാക്കുകൾ എങ്ങനെ ശരിയായ നിലയിൽ ഉച്ചരിക്കണം ഇതിലാണ് അവർ ഉള്ളത്. പറഞ്ഞു: വിശുദ്ധഖുർആനിലേക്ക് ഒട്ടും ശ്രദ്ധയില്ല. ആത്മസംസ്കരണത്തിലേക്ക് ശ്രദ്ധയില്ലാത്തപ്പോൾ അതെങ്ങനെ ഉണ്ടാകാനാണ്. അവിടന്ന് പറയുന്നു. അഹ്മദികൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്; വെറും ഭൗതികതയിൽ പതിയാതെ വിശുദ്ധഖുർആന്റെ അറിവുകളും കരസ്ഥമാക്കാൻ ശ്രദ്ധിക്കുക. (മൽഫൂദാത്ത്, വാല്യം 1, പേജ് 425–427)

പിന്നീടൊരിക്കൽ ഒരു സാഹിബ് അദ്ദേഹത്തോട് ചോദിച്ചു: വിശുദ്ധഖുർആൻ പഠിക്കേണ്ടതെങ്ങനെയാണ്? അവിടന്ന് പറഞ്ഞു: വിശുദ്ധഖുർആൻ ചിന്തിച്ചും ആലോചിച്ചും ശ്രദ്ധയോടുംകൂടി പാരായണം ചെയ്യേണ്ടതാണ്. ഹദീഥിൽ വന്നിരിക്കുന്നു. *റുബ്ബഖാരിൻ യൽഅനുഹുൽഖുർആൻ* ഒരുപാട് ഖുർആൻ പാരായണം ചെയ്യുന്നവരുണ്ട്; അവരിൽ ഖുർആൻ ലഅ്നത്തു ചൊല്ലുന്നു. ഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവന്റെമേൽ ഖുർആൻ ലഅ്നത്തു ചൊല്ലുന്നു. പറഞ്ഞു: പാരായണം ചെയ്യുന്ന നേരത്ത് റഹ്മത്തിനെ സംബന്ധിച്ച ആയത്തു വരുമ്പോൾ അതായത് അല്ലാഹുവിന്റെ റഹ്മത്തിനെ കുറിച്ച് പറയുമ്പോൾ, അവിടെ അല്ലാഹുവിനോട് റഹ്മത്ത് ചോദിക്കുക. എവിടെയെങ്കിലും ഏതെങ്കിലും ജനതയുടെ ശിക്ഷയെ കുറിച്ചാണ് പറയുന്നതെങ്കിൽ അവിടന്ന് പറയുന്നു: അവിടെ അല്ലാഹുവിന്റെ മുന്നിൽ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അഭയം തേടുക. തൗബയും ഇസ്തിഗ്ഫാറും ചെയ്യുക. അല്ലാഹുവിനോട് അഭയം തേടുക. ചിന്തിച്ചും ആലോചിച്ചും പാരായണം ചെയ്യണം. അതനുസരിച്ച് പ്രവർത്തിക്കണം. (മൽഫൂദാത്ത്, വാല്യം 9, പേജ് 199–200)

അതിനാൽ ഇതാണ് വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ട രീതി. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് പ്രത്യേകം ശ്രദ്ധയുണ്ടായിട്ടുള്ള ഈ നാളുകളിൽ ഈ ചിന്തയോടും ഈ രീതിയിലും പാരായണം ചെയ്യാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കുക. അല്ലാഹുവിന്റെ ഉപദേശത്തിനും വിശുദ്ധഖുർആന്റെ നിർദ്ദേശത്തിനുമെതിരെ ഒരു ചുവടുപോലും എടുത്തുവയ്ക്കരുത്. ഞാൻ നിങ്ങളോട് സത്യമാണ് പറയുന്നത്. വിശുദ്ധ ഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണ്ണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധ ഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു

*അൽഖയ്റു കുല്ലുഹു ഫിൽഖുർആനി* എല്ലാവിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഓരോ ആവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെ

ടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാ മാർഗ്ഗങ്ങളും നിഷ്ഫലമാണ്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 26-27).

അതിനാൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനും അത് മനസ്സിലാക്കുന്നതിനും അതിന്റെ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിനും നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. റമളാനിൽ ഒരുപാടാളുകളുടെ ശ്രദ്ധ ഈ ഭാഗത്ത് ഉണ്ടായിട്ടുണ്ട്. പിന്നീട് അതിനെ തങ്ങളുടെ ജീവിതത്തിന്റെ സ്ഥിരമായ ഭാഗമാക്കേണ്ട ആവശ്യമുണ്ട്; അല്ലാഹു പ്രത്യേകമായ നിലയിൽ റമളാൻ മാസത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്ക്, മുഅ്മിനീംകളോട് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ കഠിനാധ്വാനത്തിന്റെ മാസത്തിലൂടെ കടന്ന് നമ്മൾ വിശുദ്ധഖുർആനിലേക്ക് പ്രത്യേകം ശ്രദ്ധിക്കുമ്പോൾ പിന്നെ സാധാരണ ദിവസങ്ങളിലും ഇതിലേക്ക് ശ്രദ്ധ തിരിക്കാനുള്ള ശീലമുണ്ടാകും. ഇല്ലെങ്കിൽ റമളാൻ മാസത്തിൽ ഖുർആൻ പാരായണം ചെയ്യാൻ പറഞ്ഞ അല്ലാഹുവിന്റെ ഉദ്ദേശ്യം അവിടെത്തന്നെ പാഴായിപ്പോകുന്നതാണ്. മുഅ്മിൻ സ്ഥിരചിത്തതയോടുകൂടി നന്മകളെ അന്വേഷിക്കുന്നവനാണ്; അത് തുടർന്നുകൊണ്ടുപോകുന്നവനുമാണ്. ഈ മഹത്തായ നിർദ്ദേശം അല്ലാഹു നബി(സ) തിരുമേനി മുഖേന നമ്മൾ വരെ എത്തിച്ചു. അതിനെ നമ്മൾ നമ്മുടെ സന്മാർഗത്തിന്റെ മാർഗമാക്കാൻ പൂർണമായും ശ്രമിക്കേണ്ടതാണ്.

ഈ ആയത്തുകൾക്ക് ശേഷം കൂടുതൽ വിശദീകരണം നല്കികൊണ്ട് നിർദേശിച്ചു: നോമ്പ് അനുഷ്ഠിക്കേണ്ടതണ്. രോഗിയും യാത്രക്കാരനും വിട്ടുപോയ നോമ്പ് പിന്നീട് പിടിച്ചുവീട്ടേണ്ടതാണ്. ഇത് നിർബന്ധമാണ്. കേവലം ഫിദ്‌യ കൊടുത്തതുകൊണ്ട് നിങ്ങൾക്ക് ഇളവു കിട്ടുകയില്ല. രോഗിയാകുമ്പോഴും യാത്രയിലാകുമ്പോഴും നിങ്ങൾക്ക് ഇളവു നല്കി അല്ലാഹു നിങ്ങളോടു ഔദാര്യം കാണിച്ചു. കാരണം അല്ലാഹു തന്റെ ദാസരുടെമേൽ പ്രയാസമിടുന്നില്ല. പിന്നീട് പറഞ്ഞു, നോമ്പിന്റെ ദിവസങ്ങളിൽ പ്രത്യേകമായ നിലയിൽ അല്ലാഹുവിന്റെ മഹത്ത്വത്തെ വാഴ്ത്തുകയും ദൈവസ്മരണയിലും ആരാധനയിലും മുഴുകുകയും ചെയ്യുക. സമഗ്രവും സമ്പൂർണവുമായ ഹിദായത്താകുന്ന ആ അതിമഹത്തായ ഗ്രന്ഥം നിങ്ങൾക്കായി അവതരിപ്പിച്ചതിൽ അല്ലാഹുവിനോട് നന്ദി പറയുക. നന്ദിയുടെ കടമ നിറവേറ്റപ്പെടുന്നത് അതനുസരിച്ച് കർമങ്ങൾ ചെയ്യുമ്പോഴാണ്.

തുടർന്ന് അല്ലാഹു പറയുന്നു: എന്റെ ദാസൻമാർ എന്നെ സംബന്ധിച്ചുള്ള അന്വേഷണത്തിൽ മുഴുകി എന്നെ കുറിച്ച് ചോദിക്കുന്നു. ഈ അന്വേഷണം റമളാൻ മാസത്തിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ചൂട് പിടിക്കുന്നു. എന്നാൽ, ഞാൻ സമീപസ്ഥനാണ്. അവരുടെ വിളി ഞാൻ കേൾക്കുന്നു. ഇനി അവർ ആത്മാർഥതയോടെ എന്നോട് ആവശ്യപ്പെട്ടാൽ പിന്നെ ഞാനും നല്കുന്നതാണ്. എന്നാൽ, ദുആ സ്വീകരിക്കുന്നതിന് ദുആ ചെയ്യുന്നയാളും ഞാൻ പറഞ്ഞ കാര്യം അനുസരിക്കണം. എന്റെ കല്പനകൾ പാലിക്കണം. എന്നിലുള്ള വിശ്വാസം ശക്തിപ്പെടുത്തുക. തങ്ങൾ ദുആ ചെയ്യുന്നുവെന്നും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും ദുആ ചെയ്തുവെന്നും പക്ഷേ, അല്ലാഹു കേൾക്കുന്നില്ലെന്നുമുള്ള പരാതിയുണ്ടാകാറുണ്ട്. കുറച്ചു ദിവസം കഴിഞ്ഞാൽ ഈ പരാതി ആരംഭിക്കുന്നതാണ്. അല്ലാഹുവിന്റെ നിർദേശങ്ങൾ കേൾക്കുന്നില്ലെങ്കിൽ അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെ സ്നേഹം അന്വേഷിക്കുന്നില്ലെങ്കിൽ അവന്റെ യഥാർഥ ദാസരാകുകയില്ല. പ്രയാസത്തിന്റെ നേരത്തും ഏതെങ്കിലും ബുദ്ധിമുട്ടുണ്ടാകുമ്പോൾമാത്രവും അവനെ വിളിക്കുകയും പിന്നീട് മറക്കുകയും ചെയ്താൽ അല്ലാഹു പ്രാർഥന കേട്ടില്ല എന്ന് പറഞ്ഞ് പരാതിപ്പെടാൻ എന്തർഹതയാണുള്ളത്. അതുകൊണ്ട് നമുക്ക് ആദ്യം സ്വയം പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. സ്വയം പരിഷ്കരിക്കുന്നതിന് ശ്രമിക്കുന്നതോടൊപ്പം ദുആയും ചെയ്യേണ്ടതാണ്. അങ്ങനെ അല്ലാഹു നമ്മുടെ ശാന്തിയ്ക്കും സമാധാനത്തിനുമുള്ള സംവിധാനവും ഒരുക്കുന്നതായിരിക്കും. എങ്ങനെയാണ് സ്വീകരിക്കുന്നത്? മനസ്സിന് സമാധാനമുണ്ടായാൽ അതും സ്വീകരണം തന്നെയാണ്. പിന്നീട് തന്റെ ആത്മാർഥരും പ്രേമികളുമായവരുടെ പ്രാർഥന സ്വീകരിക്കുന്നതുപോലെ നമ്മുടെ പ്രാർഥനകളും സ്വീകരിക്കുന്നതായിരിക്കും. നമ്മളിൽനിന്ന് റമാളാൻ മാസത്തിൽ ആദ്യത്തെ ശ്രമം ഉണ്ടായാൽ മുഅ്മിനീംകൾക്ക് തന്റെ സാമീപ്യം നല്കാനും ദുആകൾ സ്വീകരിക്കാനുമുള്ള പ്രത്യേക ഏർപാട് അല്ലാഹു ചെയ്തുതരുന്നതായിരിക്കും. അതിനാൽ ഇതിൽ നമ്മൾ പ്രത്യേകം ശ്രമിക്കേണ്ട ആവശ്യമുണ്ട്. ഇല്ലെങ്കിൽ നമ്മുടെ ദുആ സ്വീകരിക്കുന്നില്ലെന്ന് പറഞ്ഞ് നമുക്ക് അല്ലാഹുവിനോടു പരാതിപ്പെടാൻ ഒരു അവകാശവുമില്ല. ദുആ ചെയ്യേണ്ട രീതിയും നമ്മുടെ അവസ്ഥകളെ ദുആ സ്വീകാര്യതയുടെ അവസ്ഥയിൽ എത്തിക്കുന്ന ആക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയാണ് നമുക്ക് മാർഗദർശനം നല്കിയിട്ടുള്ളത്: അവിടന്ന് പറയുന്നു: കർമങ്ങൾ കൊണ്ട് പ്രവർത്തിക്കാത്തവൻ ദുആ ചെയ്യാത്തവനാണ്. എന്നല്ല അവൻ അല്ലാഹുവിനെ പരീക്ഷിക്കുന്നു. അതുകൊണ്ട് ദുആ ചെയ്യുന്നതിനുമുമ്പേ തന്റെ എല്ലാ കഴിവുകളും വിനിയോഗിക്കേണ്ടത് നിർബന്ധമാണ്. ഈ ദുആയുടെ അർഥമിതാണ്.'(മൽഫൂദാത്ത് വാല്യം 1, പേജ് 124)

വീണ്ടും അവിടന്ന് പറയുന്നു: "നിത്യവും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവല്ലൊ. ഞാൻ അനുഷ്ഠിക്കുന്ന മുഴുവൻ നമസ്കാരവും പ്രാർഥന തന്നെയാണല്ലോ എന്നിങ്ങനെ ഒരിക്കലും വിചാരിച്ചുപോകരുത്. എന്തെന്നാൽ, ദിവ്യജ്ഞാനം (മഅരിഫത്ത്) ലഭിച്ചശേഷവും ദിവ്യാനുഗ്രഹത്തിലൂടെയും ചെയ്യുന്ന പ്രാർഥന മറ്റൊരു നിറത്തിലും മറ്റൊരവസ്ഥയിലും ഉള്ളതാകുന്നു. അത് സ്വയം നാശം വരുത്തുന്ന ഒന്നാകുന്നു. അത് ആത്മാവിനെ ഉരുക്കിക്കളയുന്ന തീയാകുന്നു. അത് അനുഗ്രഹത്തെ (റഹ്മത്തിനെ) ആകർഷിച്ചടുപ്പിക്കുന്ന കാന്തശക്തിയാകുന്നു. അത് ജീവൻ നൽകുന്ന ഒരുതരം മരണമാകുന്നു. അതൊരു രക്ഷാനൗകയായി മാറുന്ന ഉഗ്രമായ പ്രളയമാകുന്നു. എല്ലാ ദുഷിച്ച കാര്യങ്ങളും അതിൽ ഉടലെടുക്കുകയും എല്ലാ വിഷവും അതുമുഖേന ഒടുവിൽ അമൃതായി മാറുകയും ചെയ്യുന്നു.

പ്രാർത്ഥനയിൽ തളർച്ച പറ്റാത്ത തടവുപുള്ളി അനുഗ്രഹിക്കപ്പെട്ടവനത്രെ. എന്തെന്നാൽ ഒരു നാൾ അയാൾ മോചനം പ്രാപിക്കുന്നു. ദുആകളിൽ ആലസ്യം കാട്ടാത്ത അന്ധനും അനുഗൃഹീതനാകുന്നു. എന്തെന്നാൽ ഒരു നാൾ അയാൾക്ക് കാഴ്ച ലഭിക്കുമാറാകുന്നു. ഖബ്റുകളിലായിരിക്കെ പ്രാർഥനകളിൽ മുഴുകി ദൈവസഹായം കാംക്ഷിക്കുന്നവർ അനുഗ്രഹീതരാകുന്നു. എന്തെന്നാൽ ഒരു നാൾ ഖബ്റുകളിൽനിന്ന് പുറത്തുവരുമാറാകുന്നു.

പ്രാർഥനയിൽ ഒരിക്കലും ആലസ്യം കാട്ടാതിരിക്കുമ്പോൾ നിങ്ങൾ അനുഗൃഹീതരാകുന്നു. നിങ്ങളുടെ ആത്മാവ് പ്രാർഥനയ്ക്കായി ഉരുകുകയും നിങ്ങളുടെ നയനങ്ങളിൽനിന്നു കണ്ണീരൊലിക്കുകയും നിങ്ങളുടെ നെഞ്ചകത്ത് ഒരു അഗ്നി അങ്കുരിക്കുകയും ചെയ്യുന്നു. അതു ഏകാന്തതയുടെ രുചി അറിയിക്കുന്നതിനു ഇരുട്ടുള്ള മുറികളിലേക്കും വിജനമായ വനങ്ങളിലേക്കും നിങ്ങളെ കൊണ്ടെത്തിക്കുന്നു. അത് നിങ്ങളെ അസ്വസ്ഥരും ഭ്രമിതചിത്തരും ആക്കിമാറ്റുന്നു. അങ്ങനെയാണ് ഒടുവിലായി നിങ്ങളിൽ അനുഗ്രഹം ചൊരിയപ്പെടുക. ഞാൻ നിങ്ങളെ ഏതൊരു ദൈവത്തിലേക്ക് വിളിക്കുന്നുവോ അവൻ അങ്ങേയറ്റം ഉദാരനും കാരുണ്യവാനും ആകുന്നു. അവൻ ലജ്ജാലുവും സത്യസന്ധനും കൂറുള്ളവനും വിനയം കാട്ടുന്നവരിൽ കരുണ ചൊരിയുന്നവനും ആകുന്നു. അതിനാൽ, നിങ്ങളും കൂറുള്ളവരായിരിക്കുവിൻ. പൂർണമായ സത്യസന്ധതയോടും കൂറോടും കൂടി പ്രാർഥിക്കുവിൻ. അവൻ കാരുണ്യം ചൊരിയാൻവേണ്ടി നിങ്ങൾ ഈ ലോകത്തിലെ ആരവങ്ങളിൽനിന്നും ആഘോഷങ്ങളിൽനിന്നുമെല്ലാം അകന്നിരിക്കുവിൻ.

പറയുന്നു: പ്രാർഥന നടത്തുന്നവർക്കായിട്ടു അല്ലാഹു അത്ഭുതദൃഷ്ടാന്തം (മുഅ്ജിസ) കാണിക്കും. ചോദിക്കുന്നവർക്കായിട്ടു അല്ലാഹു അനി

( ശേഷം പേജ് 10ൽ)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## കഴിഞ്ഞ ലക്കം തുടർച്ച.....)

### 2016 മെയ് 20 വെള്ളിയാഴ്ച:

**ഹുദൂർ:** ഇപ്പോൾ മാൽമോയിൽ സ്പോർട്സ് ഹാളും സ്ഥാപിതമായിട്ടുണ്ട്.അവിടെ കളിക്കാനുള്ള പരിപാടികൾ തയ്യാറാക്കുക. ഇവിടെ ഗോഥൻബർഗിലും ഖുദ്ദാം നോക്കുക. ഇവിടേയും വന്ന് എന്തെങ്കിലും കളികളും മറ്റും നടത്തുക.

മുഹ്തമിം വഖാറെ അമൽ തന്റെ റിപ്പോർട്ട് സമർപിച്ചു കൊണ്ട് പറഞ്ഞു: മസ്ജിദിൽ വഖാറെ അമൽ നടത്തുന്നു. പുതുവർഷാരംഭത്തിൽ റോഡുകളും മറ്റും വൃത്തിയാക്കുന്നു.

**ഹുദൂർ:** ഇപ്പോൾ മാൽമോയിലും മസ്ജിദായിട്ടുണ്ട്. സ്റ്റോക്ക് ഹോമിലും ജമാഅത്ത് സെന്ററുണ്ട്. കാണാൻ പറ്റുന്ന വിധത്തിലുള്ള വഖാറെ അമൽ യുവാക്കൾ സംഘടിപ്പിക്കുക. അതിന്റെ പ്രൊജക്ഷനും വേണ്ടതാണ്. ഇപ്രകാരം തബ്ലീഗിന്റെ വഴികളും തുറന്നു വരും.

മുഹാസിബ് തന്റെ റിപ്പോർട്ട് സമർപിച്ചു കൊണ്ട് പറഞ്ഞു: വ്യവസ്ഥാപിതമായി കണക്കുകൾ പരിശോധിക്കുന്നു. ആദ്യ മൂന്നു മാസ കണക്കുകൾ പൂർത്തിയായിട്ടുണ്ട്.

മുഹ്തമിം ഉമൂമി തന്റെ റിപ്പോർട്ട് സമർവിച്ചു കൊണ്ട് പറഞ്ഞു: ജുമുഅ, മീറ്റിംഗുകൾ, ജൽസ, തുടങ്ങിയ അവസരങ്ങളിൽ വ്യവസ്ഥാപിതമായി സെക്യൂരിറ്റിയുടെ സംവിധാനം ചെയ്യപ്പെടുന്നു. ക്യാമറയും മറ്റും സ്ഥാപിച്ചിട്ടുണ്ട്. രാത്രിയിൽ വ്യസ്ഥാപിതമായി പാറാവ് സംവിധാനവുമുണ്ട്. നിരീക്ഷണവും നടന്നു കൊണ്ടിരിക്കുന്നു. ഈ സമയത്തും ഖുദ്ദാമിന്റെ അഞ്ചു വിവിധ ഗ്രൂപ്പുകൾ വിവിധ സ്ഥലങ്ങളിൽ ഡ്യൂട്ടി നൽകുന്നുണ്ട്.

ഹുദൂർ വിശദീകരണം ചോദിച്ചപ്പോൾ മുഹ്തമിം അത്ഫാൽ ഇങ്ങനെ വിശദീകരണം നൽകി: സ്വീഡനിൽ അത്ഫാലിന്റെ ആകെ എണ്ണം 58 ആണ്. അവരിൽ 49 പേർ കർമോൽസുകരാണ്. തർബിയ്യത്തീ പരിപാടികളിൽ കൃത്യമായി പങ്കെടുക്കുന്നു. ചന്ദ കൊടുക്കുന്നു, നമസ്കരിക്കുന്നു, സൂറ ഫാത്തിഹ എല്ലാവർക്കും അറിയാം. എല്ലാ ആഴ്ചയിലും ക്ലാസ് നടക്കുന്നു. അത്ഫാൽ നാളിമീംകൾ ക്ലാസെടുക്കുന്നു.

**ഹുദൂർ:** നിങ്ങളുടെ തർബിയ്യത്തി ക്ലാസ് കൃത്യമായി നടന്നു കൊണ്ടിരിക്കേണ്ടതാണ്. ആ ക്ലാസുകളിൽ അത്ഫാലിന്റെ സിലബസും ഫോളോ ചെയ്യണം. അത്ഫാലിന്റെ മീറ്റിംഗുകളിൽ മുറബ്ബിമാരെയും ഉപയോഗപ്പെടുത്തുക.

മുഹ്തമിം തബ്ലീഗ് ഹുദൂറിന്റെ നിർദ്ദേശാനുസരണം പറഞ്ഞു: കഴിഞ്ഞ നവംബർ മുതൽ ഇപ്പോൾ വരെ ഖുദ്ദാമുൽ അഹ്മദിയ്യാ മുഖേന ബയ്അത്തൊന്നും നടന്നിട്ടില്ല. കഴിഞ്ഞ മൂന്നു വർഷത്തിൽ ഖുദ്ദാം മുഖേന എത്ര ബയ്അത്ത് നടന്നു എന്നതിനെ കുറിച്ചറിയില്ല.

**ഹുദൂർ:** വ്യക്തിപരമായി ശ്രമങ്ങൾ നടത്തേണ്ടതാണ്. ഇനി പ്രവർത്തിക്കുക, പ്രവർത്തിച്ചു കാണിക്കുക.കേവലം പ്ലാനിംഗിൽ മാത്രം ഒതുങ്ങാതിരിക്കുക.

**ഹുദൂർ:** ഇപ്പോൾ ഇവിടെ ചില അഭയാർഥികളും വന്നിട്ടുണ്ട്. വിവിധ ക്യാമ്പുകളിലാണ് അവരുളളത്. അവരുമായി ബന്ധപ്പെടുന്നതിന് ക്യാമ്പുകളിൽ പോകേണ്ടി വരും. അവരിൽ അഹ്മദികൾ വന്നിട്ടുണ്ടെങ്കിൽ അവരുമായി ബന്ധം സ്ഥാപിക്കേണ്ടി വരും.

**ഹുദൂർ മുഹ്തമിം തഅ്ലീമിനോട്:** ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ സ്വീഡിഷ് ഭാഷയിൽ തർജമ ചെയ്യപ്പെട്ടിട്ടുള്ളതെല്ലാം ഖുദ്ദാമിന്റെ സിലബസിൽ ഉൾപെടുത്തുക. ആമിലയിലുള്ള ചില അംഗങ്ങൾക്ക് ശരിയായ രൂപത്തിൽ ഉർദു വായിക്കാൻ കഴിയില്ല. അപ്പോൾ ഈ ഉർദു ഗ്രന്ഥങ്ങൾ അവർ എങ്ങനെ വായിക്കും. അതുകൊണ്ട് തർജമ ചെയ്തു കഴിഞ്ഞിട്ടുള്ള ഗ്രന്ഥങ്ങൾ വെക്കുക. എല്ലാ ഖുദ്ദാമിനും അത് വായിക്കാൻ കഴിയണം.

ഹുദൂറിന്റെ നിർദേശാനുസരണം മുഹ്തമിം തർബിയ്യത്ത് തന്റെ റിപ്പോർട്ട് സമർപിച്ചുകൊണ്ട് പറഞ്ഞു: എല്ലാ ആഴ്ചയിലും നമ്മുടെ തർബിയ്യത്തിക്ലാസ് ഗോഥൻ ബർഗിൽ നടന്നു വരുന്നുണ്ട്. 12 മുതൽ 15 വരെ ഖുദ്ദാം അതിൽ പങ്കെടുക്കുന്നു. സ്റ്റോക്ക് ഹോമിലും 8 മുതൽ 10 വരെ ഖുദ്ദാം പങ്കെടുത്ത് വരുന്നു. മാൽമോയിലും ക്ലാസുകൾ നടന്നു വരുന്നുണ്ട്.

**ഹുദൂർ:** തർബിയ്യത്തി ക്ലാസുകളിൽ ഖുദ്ദാമിന്റെ ഹാജർ നില വർധിപ്പിക്കുക. ശക്തി ചെലുത്തുക. പിന്നാലെ കൂടുക. മജ്ലിസെ ആമിലയിൽ എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് വിലയിരുത്തിക്കൊണ്ടിരിക്കുക. 246 ഖുദ്ദാമിൽ 222 ഖുദ്ദാം ഊർജസ്സ്വലരാണെന്ന റിപ്പോർട്ട് ഹുദൂറിന്റെ മുന്നിൽ വെക്കപ്പെട്ടപ്പോൾ ഹുദൂർ പറഞ്ഞു: ഊർജസ്സ്വലരിൽ എത്ര പേർ കൃത്യതയോടെ എം.ടി.എ.യിൽ ജുമുഅ ഖുത്ബ കേൾക്കുന്നവരുണ്ട്? നിങ്ങൾ വ്യക്തിഗത റിപ്പോർട്ട് ഫാറം തയ്യാറാക്കുന്നുണ്ടോ?സ്വന്തം ഖുദ്ദാമിനെ എം.ടി.എ.യുമായി ബന്ധിപ്പിക്കുക. ഇത് തർബിയ്യത്തിനുള്ള മാർഗമാണ്. അഞ്ചു നേരം നമസ്കരിക്കുന്ന ഖുദ്ദാം എത്രയെന്നും ജമാഅത്തായി നമസ്കാരിക്കുന്നവർ എത്രയെന്നും പരിശേധിക്കുക. മസ്ജിദിൽ വന്ന് നമസ്കരിക്കുന്ന ഖുദ്ദാം എത്ര? സ്വന്തം സെന്ററുകളിൽ പോകുന്നവർ എത്ര? തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. വിശുദ്ധ ഖുർആനിൽ വിശ്വാസത്തിനു ശേഷം നമസ്കാരം നിലനിറുത്തുന്നതിനെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. നമസ്കരിക്കുകയും വിശുദ്ധ ഖുർആൻ വായിക്കുകയും ചെയ്തെങ്കിൽ മാത്രമേ നല്ല തർബിയ്യത്ത് ഉണ്ടാകുകയുള്ളൂ. തർബിയ്യത്ത് നന്നായെങ്കിൽ മാത്രമേ സെക്രട്ടറി മാലിന്റെ പ്രവൃത്തി എളുപ്പമാകുകയുള്ളൂ. അവർ സ്വയമേവ ചന്ദ കൊടുത്ത് തുടങ്ങുകയും ചെയ്യും. നിങ്ങൾ നിങ്ങളുടെ ഖുദ്ദാമുകളെ എം.ടി.എ-യുമായി ബന്ധിപ്പിക്കുക.നാം ഒരു വർഷം ഒരു മില്യൻ പൗണ്ട് ചെലവ് ചെയ്യുന്നു. ഇത് നാം ചെയ്യുന്നത് നിങ്ങൾ എം.ടി.എ-യുമായി ബന്ധിതമായി നിൽക്കാനും നിങ്ങളുടെ തർബിയ്യത്ത് നടന്നു കൊണ്ടിരിക്കാൻ വേണ്ടിയാണ്. പതിവായി ആഴ്ചയിൽ 4 ദിവസമോ 3 ദിവസമോ 2 ദിവസമോ എം.ടി.എ, കാണുന്ന എത്ര പേർ നിങ്ങളിലുണ്ട്? നിങ്ങൾ ശ്രദ്ധ ചെലുത്തിയെങ്കിൽ മാത്രമേ ഖുദ്ദാമും ശ്രദ്ധിക്കുകയുള്ളൂ.

തുടർന്ന് ഹുദൂർ മുഹ്തമിം തർബിയ്യത്തിനോട് പറഞ്ഞു: ഇവിടെ നിങ്ങൾ ചെയ്തു കാണിക്കേണ്ടതാണ്.

**മുഹ്തമിം തഹ്രീക്കെ ജദീദിനോട് ഹുദൂർ:** ചന്ദ തഹ്രീക്കെ ജദീദിൽ അംഗങ്ങളായിട്ടുള്ള ഖുദ്ദാമിന്റെ റെക്കോർഡ് നിങ്ങളുടെ കൈയിൽ ഉണ്ടായിരിക്കണം.

മുഹ്തമിം ഖിദ്മത്തെ ഖൽഖ് ഹുദൂറിന്റെ നിർദ്ദേശാനുസരണം റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങൾ ചാരിറ്റികൾക്കുവേണ്ടി പണം ശേഖരിക്കുന്നു.

**ഹുദൂർ അൻവർ:** പ്രായം ചെന്നവരുടെ വീടുകൾ സന്ദർശിക്കുക.അതിന്നുള്ള പ്രോഗ്രാം തയ്യാറാക്കുക. ഇവിടെ ഏഷ്യക്കാരുടെ രക്തം എടുക്കാറുണ്ടോ?

സെക്രട്ടറി ഖിദ്മത്തെ ഖൽഖ്: മൂന്ന് വർഷം സ്വീഡനിൽ താമസിച്ചവരിൽനിന്ന് രക്തം സ്വീകരിക്കുന്നു.

**ഹുദൂർ അൻവർ:** രക്തദാനത്തിന്റെ പരിപാടികളും സംഘടിപ്പിക്കുക. മുഴു വർഷത്തിന്റേയും പ്രോഗ്രാം ഉണ്ടാക്കി അതനുസരിച്ച് പ്രവർത്തിക്കുക. നിങ്ങളുടെ മുമ്പിൽ വ്യക്തമായ ലക്ഷ്യം ഇല്ലാതെ നിങ്ങളുടെ ലക്ഷ്യസാക്ഷാൽക്കാരം സാധ്യമല്ല. തർബിയ്യത്ത് വിഭാഗം സുപ്രധാനമാണ്. തർബിയ്യത്തിന്റെ ഭാഗത്തേക്ക് വളരെയധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.12,13 വയസ്സെത്തുമ്പോൾ അത്ഫാൽ വളരെ ഊർജസ്വലരാകുന്നു.14,15 വയസ്സെത്തുമ്പോൾ ആലസ്യം ബാധിക്കുന്നു. പിന്നീട് ഖുദ്ദാമിൽ പ്രവേശിക്കുമ്പോൾ അവർക്ക് ആലസ്യത്തിന്റെ സ്വാധീനം ഏൽക്കുന്നു.മുഹ്തമിമുമാർ ഊർജസ്വലാരാണെങ്കിൽ ഈ മജ്ലിസുകൾ അവരവരുടെ പ്രവർത്തന റിപ്പോർട്ട് തേടിക്കൊണ്ടിരിക്കും. അവരുടെ പിന്നാലെ കൂടുക.മുഹ്തമീൻ സ്വദ്ർ സാഹിബ് മുഖേന കത്തുകളയക്കുക.അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. പ്രവർത്തനം നടത്തി തങ്ങളുടെ റിപ്പോർട്ടയക്കാൻ അവരെ പ്രേരിപ്പിക്കുക. പ്രവർത്തിക്കാതെ ശൂന്യമായ ഫാറം അയക്കുന്ന നാളിമുമാർക്ക് സ്വദ്ർ സാഹിബിന്റെ ഭാഗത്തു നിന്നും ഇങ്ങനെ എഴുതുക. നിങ്ങളുടെ ശൂന്യമായ ഫാറം ലഭിച്ചു. നിങ്ങൾ ഒരു പ്രവൃത്തിയും ചെയ്തില്ല. നിങ്ങൾക്ക് സ്വന്തം ഫാറം ശൂന്യമായി കാണുമ്പോൾ ലജ്ജ തോന്നുന്നുണ്ടെങ്കിൽ ഇപ്രകാരം ഭാവി മാസങ്ങളിൽ അവർ പ്രവർത്തിക്കും.

**ഹുദൂർ:** നിങ്ങളുടെ ജേർണൽ വെബ് സൈറ്റിൽ ഇടുക. എല്ലാ വർഷവും മൂന്ന് മാസം കൂടുമ്പോൾ ജേർണൽ ഇറക്കുമെന്നും അതിന്നു വേണ്ടി നിങ്ങളുടെ ലേഖനങ്ങൾ എഴുതി അയച്ചു തരിക എന്നും പരസ്യംചെയ്യുക. മജ്ലിസുകളിൽ നാസിം ഇശാഅത്തുണ്ട്.അദ്ദേഹത്തോട് ഖുദ്ദാമിനെ പ്രവർത്തന സജ്ജരാക്കാൻ പറയുക. അതേപോലെ സ്റ്റുഡൻസ് അസോസിയേഷനോട് പറഞ്ഞ് അവരേയും ഉഷാറാക്കുക. സമകാലീന സംഭവങ്ങളെ പുരസ്കരിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിക്കാവുന്നതാണ്. ഇത് സമകാലീന പ്രശ്നമാണെന്നും ഇതിന്റെ മറുപടി എന്തായിരിക്കണമെന്നും ഖുദ്ദാമിനോട് ചോദിക്കുക. ചില പ്രശ്നങ്ങളുടെ മറുപടികൾ തുറന്നെഴുതാൻ പറ്റില്ല. എന്നാൽ, പൊതുവായ നിലയിൽ മറുപടി നൽകാവുന്നതാണ്. ജേർണലിന്റെ തുടക്കം വിശുദ്ധ ഖുർആനിലെ ഒരായത്ത് കൊണ്ട് തുടങ്ങുക,അതിന്റെ തർജമ, ചുരുങ്ങിയ വ്യാഖ്യാനം എന്നിവ ചേർക്കുക. പിന്നീട് ഏതെങ്കിലും ഹദീഥെടുക്കുക ഹദ്റത്ത് വാഗ്ദത്ത മസീ

---

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**

**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ഹിന്റെ ലേഖനമെടുക്കുക. ഖുത്ബകളിൽ നിന്ന് വിവിധ പോയന്റുകൾ എടുക്കുക. ലേഖനങ്ങൾ എടുക്കുക, തർബിയ്യത്ത് ഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എടുക്കുക. നിങ്ങൾ ഖുദ്ദാമിൽ താൽപര്യം വളർത്തിയെങ്കിൽ മാത്രമെ ഖുദ്ദാം ലേഖനവും എഴുതുകയുള്ളൂ. റിവ്യൂ ഓഫ് റിലീജ്യൺസിന് വേണ്ടിയുള്ള ലേഖനങ്ങളും വരാറില്ലായിരുന്നു. ഞാൻ അവരുടെ ബോർഡിൽ മാറ്റം വരുത്തി. അവരെ ചിട്ടപ്പെടുത്തി. അവിടെ ഒരു മുറബ്ബിയെ നിയമിച്ചു. ഇപ്പോൾ അവിടെ എത്രമാത്രം ലേഖനങ്ങൾ ഉണ്ടെന്നാൽ നാലഞ്ച് മാസത്തേക്ക് ആവശ്യമായവ വന്നു കിടക്കുന്നു. യുവാക്കളും മറ്റും ലേഖനങ്ങൾ എഴുതുന്നു. റിവ്യൂ ഓഫ് റിലീജ്യൺസ് മാസിക വായിക്കുക. അതിൽ നിങ്ങൾക്ക് ഹൃദയ സ്പൃക്കായ ലേഖനങ്ങളുമുണ്ട്. ഇപ്പോൾ സ്റ്റോക്ക് ഹോമിലെ പ്രഭാഷണങ്ങളും അതിന്റെ ഭാഗമാകും,

ചന്ദ പിരിക്കുന്നതിലെ ബുദ്ധിമുട്ടുകളെ കുറിച്ച് പരാമർശിച്ചപ്പോൾ ഹുദൂർ പറഞ്ഞു:സാമ്പത്തിക ത്യാഗം അല്ലാഹുവിന്റെ കൽപ്പനയാണ്. അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയാണ് ചന്ദ നൽകുന്നത്. ചന്ദ ഒരു കാരണാവശാലും ടാക്സല്ല. നിങ്ങൾ നിങ്ങളുടെ ഇജ്തിമായിൽ ഖുദ്ദാമിന്റെ ഒരു ചോദ്യോത്തര സെഷൻ വെക്കുക. മുബല്ലിഗ് സിൽസില കാശിഫ് മഹ്മൂദ് വർക് സാഹിബ് അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുക. ചന്ദയെ സംബന്ധിച്ച് ഖുദ്ദാമിന്റെ മനസ്സിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ പറയുക. ഇപ്രകാരം ചന്ദ എന്തുകൊണ്ടാണ് അനിവാര്യമായത്, അതിന്റെ പ്രാധാന്യം എന്താണ്, വിവിധ ചന്ദകൾ എന്തുകൊണ്ട് വെക്കപ്പെട്ടിരിക്കുന്നു, ഇതു മുഖേന ഖുദ്ദാമിന് സ്വസ്ഥത കൈവരും; അവരിൽ ചന്ദ നൽകാനുള്ള മോഹം ഉടലെടുക്കും. യൂ.കെയിൽ ഖുദ്ദാം ഇജ്തിമായിൽ ഇപ്രകാരമുള്ള ഒരു സെഷൻ വെക്കപ്പെട്ടിരുന്നു. ജാമിഅ അഹ്മദിയ്യാ യൂ.കെയിലെ സീനിയർ കുട്ടികളടങ്ങുന്ന ഒരു പാനൽ ഖുദ്ദാമിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകി. ചന്ദകളുടെ പ്രാധാന്യം വിശദീകരിച്ചു. ചന്ദ നൽകുന്നതിൽ അലസരായിരുന്ന ഖുദ്ദാം എല്ലാവിധത്തിലും തൃപ്തരായി, ചില ഖുദ്ദാം സെക്രട്ടറി മാലിന്റെയടുക്കൽ പോയി സ്വന്തം ചന്ദ നൽകി. ഞങ്ങളുടെ ചന്ദ വാങ്ങിക്കാൻ മാൽ സെക്രട്ടറിയോട് പറഞ്ഞു. ഇനി വഴികളുണ്ടാക്കേണ്ടത് നിങ്ങളാണ്. ഞാനൊരു വഴി പറഞ്ഞു തന്നു.

കുടുംബം പൂർണമായും പിൻമാറി നിൽക്കുന്ന സാഹചര്യത്തിൽ അത്ഫാലിനെ എങ്ങനെ അടുപ്പിച്ചുകൊണ്ടു വരാം എന്ന് മുഹ്തമിം അത്ഫാൽ ചോദിച്ചപ്പോൾ ഹുദൂർ പറഞ്ഞു: സ്വന്തം ഖുദ്ദാം സ്വദ്ർ വഴി അമീർ സാഹിബിന് കത്തെഴുതുക. മുബല്ലിഗ് ഇൻചാർജിന് എഴുതുക. അതുപോലെ തന്നെ മാതാപിതാക്കൾക്ക് താങ്കൾക്ക് സ്വയവും മനസ്സിലാക്കിക്കൊടുക്കാൻ കഴിയും. താങ്കൾക്ക് ഉദ്യോഗസ്ഥരോട് പരാതിയുണ്ടെങ്കിൽ താങ്കളെന്തിന് ഭാവി തലമുറയായ സ്വന്തം മക്കളെ മോശമാക്കുന്നു. എല്ലാ രംഗങ്ങളിലുമുള്ള ഓരോ ഉദ്യോഗസ്ഥരുടേയും ബാദ്ധ്യതയാണ് ഇത്തരത്തിലുള്ള വ്യക്തികളെ അടുപ്പിച്ചു കൊണ്ട് വരാൻ ശ്രമിക്കുക എന്നത്. നിങ്ങൾ ഇക്കാര്യം ഓർക്കേണ്ടതാണ്. ആരെയും അകറ്റാൻ വളരെ എളുപ്പമാണ്. അടുപ്പിച്ചു കൊണ്ടു വരിക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒരു ഖാദിമിന്റെ മാപ്പുമായി ബന്ധപ്പെട്ട് സംസാരം വന്നപ്പോൾ ഹുദൂറിന്റെ മുമ്പിൽ ഇതു സംബന്ധമായി റിപ്പോർട്ട് സമർപിക്കപ്പെട്ടു. അദ്ദേഹം സ്വയം ഔദ്യോഗികമായി മാപ്പിനെഴുതുന്നതിന്ന് തയ്യാറല്ല അപ്പോൾ ഹുദൂർ പറഞ്ഞു:

ആർക്കാണോ ശിക്ഷ കിട്ടുന്നത് അദ്ദേഹം സ്വന്തം കാര്യങ്ങളിലും പ്രവൃത്തികളിലും തനിക്കിതൊന്നും പ്രശ്നമല്ല എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് അശ്രദ്ധനായിത്തീരുന്നത് അയാളിൽ നിന്ന് വ്യവസ്ഥിതിയോടുള്ള ആദരവും മര്യാദയും ഇല്ലാതാക്കുന്നു. മാപ്പിന്റെ കത്തെഴുതട്ടെ. അഹ്മദി എന്ന കാര്യമാണ് വിഷയമെങ്കിൽ നമുക്ക് ആരുടേയും ഹൃദയത്തിൽ നിന്ന് അഹ്മദിയ്യത്തിനെ നീക്കിക്കളയാൻ സാധിക്കില്ല. ജമാഅത്തിന് പുറത്തുള്ള പെൺകുട്ടിയുമായി വിവാഹത്തിന്റെ പ്രശ്നമാണെങ്കിൽ വ്യവസ്ഥാപിതമായി അനുവാദം വാങ്ങി വിവാഹം കഴിക്കുന്നവർക്കെതിരിൽ ശിക്ഷാ നടപടി ഉണ്ടാകാറില്ല. ശിക്ഷാ നടപടി സ്വീകരിക്കാൻ കാരണം അനഹ്മദി മൗലവിയെക്കൊണ്ട് നിക്കാഹ് നടത്തിക്കുന്നതാണ്. ഇപ്രകാരം ഹദ്റത്ത് ഇമാം മഹ്ദിയെ നിരാകരിക്കുന്ന മൗലവിയെ തന്റെ ഇമാമായി അയാൾ അംഗീകരിക്കുന്നു. വിവാഹത്തിനുശേഷം ചില പെൺകുട്ടികൾ ബയ്അത്ത് ചെയ്യുന്നു. എന്നാൽ, ഭർത്താവ് ശിക്ഷാ നടപടിക്ക് വിധേയനായും നിൽക്കുന്നു. സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വീഡൻ ജൽസ സാലാന യൂ.കെയിൽ പങ്കെടുക്കേണ്ടതാണ്. ഖുദ്ദാം സെഷന്റെ ഇൻചാർജിനെ കാണുക. തന്റെ പ്രവർത്തനങ്ങളെ,തന്റെ പരിപാടികളെ എങ്ങനെ നന്നാക്കാമെന്നും കൂടുതൽ കാര്യക്ഷമമാക്കാമെന്നുമുള്ള വിവരങ്ങൾ ആരായുക.

ഹുദൂർ ഉദ്യോഗസ്ഥരെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: വ്യക്തി ബന്ധങ്ങളിലൂടെയാണ് ബന്ധം വ്യാപിക്കുന്നത്. സന്ദേശം നൽകിയതുകൊണ്ട് മാത്രം വ്യക്തി ബന്ധം വളരില്ല.

സ്വദ്ർ ഖുദ്ദാമിനോട് ഹുസൂർ പറഞ്ഞു: ഒഴിവ് സമയങ്ങളിൽ സ്വന്തം മജ്‌ലിസുകൾ സന്ദർശിക്കുക.താങ്കളുടെ വ്യക്തി ബന്ധം മജ്‌ലിസുകളുമായി ഉണ്ടായി വരണം.വ്യക്തി ബന്ധം ഇല്ലാത്ത കാലത്തോളം ഖുദ്ദാമിന്റെ ശരിയായ തർബിയ്യത്ത് നടക്കുകയില്ല. ഇതര മുഹ്തമിമുകളും മജ്‌ലിസുകൾ സന്ദർശിക്കുക.

ഹുദൂറുമൊത്തുള്ള ഖുദ്ദാം നാഷണൽ മജ്‌ലിസ് ആമിലയുടെ ഈ മീറ്റിംഗ് 7.30-ന് അവസാനിച്ചു. ഹുദൂറിനൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി. വ്യക്തിഗത കൂടിക്കാഴ്ചയ്ക്കു ശേഷം ഹുദൂർ സ്വന്തം ഓഫീസിലേക്ക് പോയി. അവിടെ കുടുംബളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു.വൈകുന്നേരം നടന്ന ഇന്നത്തെ ഈ സെഷനിൽ 18 കുടുംബത്തിൽ നിന്നുള്ള 56 പേർക്ക് ഹുദൂറിനെ കാണാൻ ഭാഗ്യം കിട്ടി. എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകൾ നൽകി. ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകി. ഈ കൂടിക്കാഴ്ച 9.10 വരെ നീണ്ടു നിന്നു.

കുറച്ചു നേരത്തേക്ക് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി. 9.45-ന് മസ്ജിദ് നാസിറിൽ മഗ്രിബ് ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

(ബദ്ർ വീക്കിലി 11 ആഗസ്റ്റ് 2016)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

അറബിഭാഷ 'ഉമ്മുൽഅൽസിന' ഭാഷകളുടെ മാതാവ് ആകുന്നത്. മറ്റു ഭാഷകളിലില്ലാത്ത ജോലിയാണ് ഇതിൽനിന്ന് പുറപ്പെടുന്നത്. ഇൻശാഅല്ലാഹ്. ഈ ജ്ഞാനം അങ്ങേയറ്റം വ്യക്തതയോടും ആസ്വാദനത്തോടുംകൂടി 'മിനനുർറഹ്മാൻ' എന്ന എന്റെ ഗ്രന്ഥം മുഖേന പ്രകടമാകുന്നതായിരിക്കും. അറബിഭാഷയുടെ ശ്രേഷ്ഠതയും അത് 'ഉമ്മുൽ അൽസിന' ആണെന്ന് സ്ഥാപിച്ചുകൊണ്ടും ഞനിപ്പോൾ അത് എഴുതി തുടങ്ങിയിരിക്കുകയാണ്. യൂറോപ്യൻകാരുടെ ഗവേഷണങ്ങൾ തികച്ചും അപൂർണവും അസ്പഷ്ടവുമാണെന്ന് അതിൽനിന്ന് മനസ്സിലാകുന്നതായിരിക്കും. ഭാഷകളുടെ കളഞ്ഞുപോയ മാതാവും കളഞ്ഞുപോയ മറ്റു മതപരമായ യാഥാർഥ്യങ്ങൾ ഇക്കാലഘട്ടത്തിൽത്തന്നെ ലഭിച്ചതും അറബിഭാഷിൽനിന്നുതന്നെയാണെന്ന് അവർക്കും മനസിലാകുന്നതായിരിക്കും. ചുരുക്കത്തിൽ അറബിഭാഷയുടെ വ്യാകരണം ഭൗതികമായ പരമ്പരയിലുള്ളതുപോലെ ആത്മീയ പരമ്പരയിലും കാണാവുന്നതാണ്. അതുകൊണ്ടാണ് ഭൗതികമായ കാര്യങ്ങളും ബാഹ്യമായ നിലയിൽ നമുക്ക് കാണാൻ കഴിയുന്നത്. നമുക്ക് അവയുടെ തത്ത്വം അങ്ങേയറ്റം സുഗമമായും എളുപ്പത്തിലും മനസ്സിലാക്കാൻ കഴിയും. അതുവച്ചുകൊണ്ട്, ആത്മീയമായ പരമ്പരയുടേയും ആത്മീയമായ കാര്യങ്ങളുടേയും തത്ത്വം മനസ്സിലാക്കുന്നത് ദുഷ്കരമാകുകയില്ല. ഇത് അല്ലാഹുവിന്റെ പ്രത്യേക കൃപയും അനുഗ്രഹവുമാണ്. ഈ അന്ധകാരനിബിഡവും വഴികേടിലായതുമായ കാലഘട്ടത്തിൽ ഈശ്വരജ്ഞാനത്തിന്റെ പ്രകാശം അവൻ ആകാശത്തുനിന്നിറക്കി; വഴി തെറ്റിയവർക്ക് വഴി കാണിക്കാൻ! ഇതുവരെ ഒളിഞ്ഞിരുന്ന ആ മാർഗവും രീതിയും പ്രകടിപ്പിക്കുകയും ചെയ്തു. അതെന്താണ്? ഇതുതന്നെ! അറബി വ്യാകരണത്തിന്റെ തത്ത്വശാസ്ത്രവും തത്ത്വചിന്തകളും കൊണ്ടുള്ള തെളിവ്! അല്ലാഹുവിന്റെ കൃപയെ വിലമതിക്കുകയും അത് വാങ്ങാൻ തയ്യാറാകുകയും ചെയ്യുന്നവർ അനുഗൃഹീതർ." (മൽഫൂദാത്ത്, വാല്യം 1, പേജ് 47-49, 2018 ഖാദിയാൻ)

☆☆☆

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെസൃഷ്ടികൾഞങ്ങൾക്കുഅയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

(പേജ് 7ൽനിന്ന്)

തരസാധാരണമായ അനുഗ്രഹ ദൃഷ്ടാന്തം (ഖാരിക്ക്) നൽകും. പ്രാർഥന ദൈവത്തിൽനിന്നു വരുന്നു. അതു അവനിലേക്കുതന്നെ തിരിച്ചുപോകുന്നു. പ്രാർത്ഥനമൂലം ദൈവം നിങ്ങളുടെ അടുക്കലേക്ക് വരുന്നു. നിങ്ങളുടെ ജീവന്റെ അടുത്തോളംതന്നെ. മനുഷ്യനിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടായിത്തീരുന്നു എന്നതാണ് പ്രാർഥനയുടെ ഒന്നാമത്തെ അനുഗ്രഹം.

പറയുന്നു: ഒരു പിടിമണ്ണിനെ പൊൻകട്ടയാക്കി മാറ്റുന്ന രാസപ്രക്രിയയത്രെ ദുആ അഥവാ പ്രാർഥന. അത് ആന്തരീയമാലിന്യങ്ങളെയെല്ലാം കഴുകിക്കളയുന്ന ഒരുതരം വെള്ളമാകുന്നു. ആ ദുആയോടൊപ്പം ആത്മാവ് ഉരുകുന്നു. വെള്ളം കണക്കെ അത് ഒഴുകി ആ ഏകതാവിലാസത്തിന്റെ (ഹദ്റത്തെ അഹദിയ്യത്ത) തിരുസന്നിധാനത്തിൽ ചെന്നുവീഴുന്നു. അത് ദൈവത്തിന്റെ തിരുസന്നിധിയിൽ നിൽക്കുകയും കുനിയുകയും കുമ്പിടുകയും ചെയ്യുന്നു. ഇതിന്റെ പ്രതിരൂപമാണ് ഇസ്‌ലാം പഠിപ്പിക്കുന്ന നമസ്കാര കർമം. ആത്മാവ് നിൽക്കുന്നതിന്റെ അർഥം ദൈവത്തിനുവേണ്ടി എല്ലാ കഷ്ടപ്പാടുകളേയും പ്രതികൂലാവസ്ഥകളേയും പരീക്ഷകളേയും നേരിടാൻ സന്നദ്ധനാണെന്നത്രെ. അവന്റെ റുക്കൂഅ് അഥവാ കുനിപ്പ് അവൻ സകല സ്നേഹബന്ധങ്ങളേയും കെട്ടുപാടുകളേയും ഉപേക്ഷിച്ച് ദൈവത്തിലേക്ക് ചായുകയും ദൈവത്തിന്റെ ആളായി മാറുകയും ചെയ്യുന്നു എന്നതാണ് കാണിക്കുന്നത്. അവന്റെ സാഷ്ടാംഗം അവൻ ദൈവസന്നിധിയിൽ വീണുകൊണ്ട് തന്നെ പൂർണമായും കൈവെടിയുകയും സ്വയം നശിപ്പിക്കുകയും ചെയ്യുന്നു എന്നു സൂചിപ്പിക്കുന്നു. ദൈവവുമായി ബന്ധപ്പെടുത്തുന്ന നമസ്കാരം ഇതാകുന്നു. ഇതിന്റെ ചിത്രമാണ് ഇസ്‌ലാമിക ശരീഅത്ത് സാധാരണ നമസ്കാരത്തിലൂടെ അവതരിപ്പിക്കുന്നത്. ഈ ഭൗതികനമസ്കാരം ആത്മീയനമസ്കാരത്തിന്റെ ചാലകം ആയിത്തീരുന്നു. (ലക്ച്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 222-223).

ഈ ഒരവസ്ഥയാണ് നാം നമ്മുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കേണ്ടത്. അങ്ങനെ നാം ദുആ സ്വീകാര്യതയുടെ ദൃശ്യം കാണുന്നവരായി മാറട്ടെ. റമളാനിലെ നോമ്പിനോടൊപ്പം ആരാധനയുടെ യാഥാർഥ്യത്തിൽനിന്ന് അനുഗ്രഹം ലഭിക്കുമാറാകട്ടെ. ദുആകളുടെ സ്വീകാര്യതയുടെ ദൃശ്യങ്ങളും നമ്മൾ കാണുമാറാകട്ടെ. ഇനി ദുആയുടെ സ്വീകാര്യതകളിൽ എവിടെയെങ്കിലും കുറവു വന്നിട്ടുണ്ടെങ്കിൽ നമ്മുടെ ഉള്ളിൽത്തന്നെയാണ് കുറവുള്ളത്. അല്ലാഹു പറഞ്ഞത് ഒരിക്കലും തെറ്റാകുകയില്ല. ഈ ദിനങ്ങളിൽ നമ്മുടെ അവസ്ഥകൾ മെച്ചപ്പെടുന്നതിനുവേണ്ടിയും പ്രത്യേകം ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ആദ്യമെതന്നെ നമ്മുടെ ഏറ്റവും അടുത്താണുള്ളത്. ഈ ദിവസങ്ങളിൽ കൂടുതലായി സമീപത്ത് വന്നിരിക്കുന്നു. നിർബന്ധമായ ആരാധനകളിലും ഐച്ഛിക കർമങ്ങളിലും ആത്മാർഥതയോടെ അല്ലാഹുവിന്റെ മുന്നിൽ നാം കുനിയേണ്ടതാണ്. നബി(സ)തിരുമേനി നമ്മോട് പറയുന്നു, ഈ മാസത്തിലെ ആദ്യത്തെ പത്ത് റഹ്മത്തിന്റേതാണ്, മധ്യത്തിലെ പത്ത് പാപപൊറുതിയുടേതാണ്. അവസാന പത്ത് നരകത്തിൽ നിന്നുള്ള മോചനത്തിന്റേതാണ്.(കൻസുൽ ഉമ്മാൽ വാല്യം 8, പേജ് 477, ഫീ ഫസ്‌ലി സൗമു ശഹ്റു റമളാൻ, ഹദീഥ് 23714 ബേറൂത്ത് 1985)

അല്ലാഹു നമ്മെ അവന്റെ യഥാർഥ ദാസരാക്കി തന്റെ റഹ്മത്തിന്റേയും മഗ്ഫിറത്തിന്റേയും പുതപ്പിലെടുക്കുമാറാകട്ടെ. ഈ മാസത്തിൽ നാം അനുഗ്രഹം പ്രാപിക്കുന്നവരാകട്ടെ. ഈ ദിനങ്ങളിൽ പ്രത്യേകമായും ജമാഅത്തിനു വേണ്ടി ദുആ ചെയ്യുക. അല്ലാഹു ജമാഅത്തിന്റെ ശത്രുക്കളുടെ ഗൂഢപദ്ധതികൾ അവരിൽത്തന്നെ മറിക്കുമാറാകട്ടെ. എവിടെയൊക്കെയാണോ ജമാഅത്തിന്നെതിരിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത് അവിടെത്തന്നെ അവരുടെ കുതന്ത്രങ്ങളും അവരുടെ വഞ്ചനകളും മറിച്ചിടുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ അക്രമത്തെയും പരസ്പരം രക്തം ചൊരിയുന്നതിനേയും തടയുമാറാകട്ടെ; അതിനു പകരം ആത്മാർഥരായ മുസ്‌ലിമാക്കട്ടെ. കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ. ലോകത്തിന്റെ അവസ്ഥയ്ക്കുവേണ്ടിയും പൊതുവെയും ദുആ ചെയ്യുക. ലോകം വളരെ വേഗമാണ് വൻ വിപത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. ലോകത്തിന് അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. ഈ നാശത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിനെ തിരിച്ചറിയുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. അവർ രണ്ടുമാസം മുമ്പേ വഫാത്തായവരാണ്. പക്ഷേ അവരുടെ വിവരങ്ങൾ ഇപ്പോഴാണ് എന്റെ മുമ്പിൽ വന്നിട്ടുള്ളത്.

ആദ്യത്തെ ജനാസ ഇസ്‌ലാമാബാദിലെ പരേതനായ അർശദുല്ലാഹ് ഭട്ടി സാഹിബിന്റെ മകൻ ഡോക്ടർ ത്വാഹിർ അസീസ് അഹ്മദ് സാഹിബിന്റേതാണ്. രണ്ടാമത്തെ ജനാസ അമേരിക്കയിലെ പരേതനായ ഡോക്ടർ ഖാജ നദീർ അഹ്മദ് സാഹിബിന്റെ മകൻ ഡോക്ടർ ഇഫ്തിഖാർ അഹ്മദ് ബിന്റേതാണ്. ഇവരിരുവരും ഫത്ഹ്ജംങ് എന്ന സ്ഥലത്തിനടുത്ത് തങ്ങളുടെ സ്ഥലങ്ങളുടെ കാര്യങ്ങൾ നോക്കാൻ പോയിരുന്നതാണ്. അവിടെ ഡോക്ടർ ഇഫ്തിഖാർ അഹ്മദ് സാഹിബിന്റെ ഒരു ജോലിക്കാരൻ മാർച്ച് 13-ാം തിയതി അവരെ പിടിച്ചുകൊണ്ടുപോയി ദാരുണമായി കൊല ചെയ്യുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അഹ്മദികളെ കൊല ചെയ്താൽ തങ്ങൾ പിടിക്കപ്പെടുമെന്ന ഭയമൊന്നും കൊലപാതകികൾക്ക് അവിടെയില്ല. കാരണം അഹ്മദികളെ കൊല്ലുക എന്നത് അവർക്ക് പുണ്യമാണ;അവരെ രക്ഷിക്കുമെന്നുള്ള മൗലവിമാരുടെ ആശിർവാദവുമുണ്ട്; എന്നല്ല രക്ഷപ്പെടുത്താൻ പൂർണമായും ശ്രമിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കുറച്ചൊക്കെ അഹ്മദിയ്യത്തിന്റെ മൂലഘടകങ്ങളും അതിലുണ്ട്. ഇതിനെ ശഹാദത്തെന്നും നമുക്ക് പറയാവുന്നതാണ്.

ഡോക്ടർ ത്വാഹിർ അസീസ് സാഹിബ് 1967 നവംബർ 27ന് മുട്ടാ ടവാനയിൽ ജനിച്ചു. അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്തിന് ആരംഭം കുറിച്ചത് ഗുരുദാസ്പൂർ ജില്ലയിലെ ലോധി നൻഗൽ എന്ന സ്ഥലത്തെ അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മസീഹ് നൂർ അഹ്മദ് സാഹിബ്(റ) മുഖേനയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി ഉണ്ടാക്കിയ ഫത്‌വയിൽ ഒപ്പിടുന്നത് ഹദ്റത്ത് മൗലവി നൂർ അഹ്മദ് സാഹിബ്(റ) നിഷേധിച്ചിരുന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ഇതുസംബന്ധമായി മൗലവി സാഹിബ് കത്തെഴുതിയിരുന്നു. അത് അൽഹക്കം പത്രത്തിന്റെ ആദ്യലക്കത്തിൽ 1897 ഒക്ടോബർ 8ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (അൽഹക്കം 18, ഒക്ടോബർ 1897 പേജ് 5-6)

പിന്നീട് ഹദ്റത്ത് മൗലവി നൂർ അഹ്മദ് സാഹിബിന്റെ പിതാവ് ലോദിനൻഗളിലെ മൗലവി അല്ലാഹ് ദത്ത ഭട്ടി സാഹിബിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കുട്ടികളായ മിർസാ സുൽത്വാൻ അഹ്മദ് സാഹിബിനേയും മിർസാ ഫള്ൽ അഹ്മദ് സാഹിബിനേയും പഠിപ്പിക്കാൻ ഖാദിയാനിൽ വിളിപ്പിച്ചു. താരീഖെ അഹ്മദിയ്യത്ത്, വാല്യം 1-ൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. (താരീഖെ അഹ്മദിയ്യത്ത്,വാല്യം 1, പേജ് 119)

പരേതൻ മെട്രിക്കിനുശേഷം ഇസ്‌ലാമാബാദ് ഹോമിയോപ്പതി മെഡിക്കൽ കോളേജിൽനിന്ന് ഡി.എച്ച്.എം.എസ് പരീക്ഷ പാസായി. പിന്നീട് ഇസ്‌ലാമാബാദിലെ ചട്ട ബഖ്ത്താറിൽ പ്രാക്ടീസ് തുടങ്ങി. വളരെ ജനപ്രിയനായ ഡോക്ടറായിരുന്നു. മൃദുസ്വഭാവമായിരുന്നു. സഹതാപിയും എല്ലാവരോടും നല്ലരീതിയിൽ പെരുമാറുന്നയാളുമായിരുന്നു. ഒരുകാലംവരെ ഡോക്ടർ സാഹിബിന്റെ വീട് നമസ്കാരസെന്ററായും ഉപയോഗിച്ചിരുന്നു. ഖിലാഫത്തിനോടും വളരെ സ്നേഹപരമായ ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിൽ നൂറുക്കണക്കിന് അനഹ്മദികൾ അനുശോചനമറിയിച്ചു. അദ്ദേഹത്തിന്റെ മരണം ഒരു സാമൂഹികമായ നഷ്ടമായി പ്രഖ്യാപിക്കപ്പെട്ടു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയും രണ്ടു പുത്രിമാരും ഒരു പുത്രനുമുണ്ട്. അദ്ദേഹത്തിന്റെ മകൻ ഇവിടെ ലണ്ടനിലാണ്. റാണ ഖാലിദ് സാഹിബിന്റെ ജാമാതാവാണ്. അദ്ദേഹത്തിന്റെ മൂത്തസഹോദരൻ ഫളയ്ൽ അയാള് സാഹിബാണ്. അദ്ദേഹം വാഖ്ഫെ സിന്ദഗിയാണ്. മുറബ്ബിയാണ്. ആദ്യം എം.ടി.എയിൽ സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ ജാമിഅ അഹ്മദിയ്യാ റബ്‌വയിലാണ്.

രണ്ടാമത്തെ ജനാസ ഡോക്ടർ ഇഫ്തിഖാർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹത്തിന്റെ ബന്ധം ഗുജ്റൻവാല ജില്ലയിലെ തർഗഡിയുമായിട്ടാണ്. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി മുഹമ്മദ് ജമാൽ സാഹിബിന്റെ ദൗഹിത്രനായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ തുടക്കം ഇദ്ദേഹത്തിന്റെ പിതാമഹൻ ഖാജ ജലാലുദ്ദീൻ സാഹിബ് മുഖേന രണ്ടാം ഖിലാഫത്തുകാലത്താണുണ്ടായത്. ഇദ്ദേഹത്തിന്റെ പിതാവ് ഖാജ നദീർ അഹ്മദ് സാഹിബിന് തഅ്ലീമുൽ ഇസ്‌ലാം കോളേജ് റബ്‌വയിൽ കെമിസ്ട്രി പഠിപ്പിക്കാൻ തൗഫീഖ് കിട്ടി. പരേതനായ ഡോക്ടർ സാഹിബ് കിംഗ് എഡ്വേർഡ് മെഡിക്കൽ കോളേജ് ലാഹോറിൽനിന്ന് എം.ബി.ബി.എസ് ചെയ്തതിനുശേഷം ഏകദേശം മൂന്നുവർഷം നൈജീരിയായിൽ കാനോ അഹ്മദിയ്യാ ക്ലിനിക്കിൽ സേവനം ചെയ്തു. മൂന്നുവർഷത്തിനുശേഷം അമേരിക്കയിൽ പോയി. അവിടെ അദ്ദേഹം എം.ഡി എടുത്തു. അതുകഴിഞ്ഞ് 15 വർഷം അവിടെ താമസിച്ചതിനുശേഷം അവിടെനിന്ന് എം.ഡി ചെയ്ത് പാക്കിസ്താനിൽ വന്നു. പിന്നീട് 15 വർഷം പാക്കിസ്താനിൽ താമസിച്ചു. മൂന്നു വർഷം മുമ്പേ അമേരിക്കയിലേക്ക് പോയി. അവിടെ കാലിഫോർണിയായിൽ പരീക്ഷ പാസായതിനുശേഷം അവിടെ ജോലി ചെയ്യാൻ തുടങ്ങി. പിന്നീട് പെൺകുട്ടികൾ കാരണത്താൽ പാക്കിസ്താനിൽ വന്നു. പരേതൻ ദരിദ്രരെ സഹായിക്കുകയും സൃഷ്ടിസേവന വികാരം ഉൾക്കൊള്ളുന്ന ആളുമായിരുന്നു. സാമ്പത്തികാഹ്വാനത്തിൽ ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. വളരെ ആത്മാർഥനായ മനുഷ്യനായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയ്ക്ക് പുറമെ മൂന്ന് പെൺകുട്ടികളുണ്ട്. അല്ലാഹു രണ്ട് പരേതാത്മാക്കളോടും കാരുണ്യത്തോടെയും മഗ്ഫിറത്തോടെയും പെരുമാറട്ടെ. അവരുടെ മക്കൾക്കും ജമാഅത്തിനോടും ഖിലാഫത്തിനോടും ബന്ധപ്പെട്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.



# ഹദ്റത്ത് അഹ്മദ്(അ) സ്വന്തം തൂലികയിലൂടെ

*(വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ബറാഹിനെ അഹ്മദിയ്യാ എന്ന തന്റെ ഗ്രന്ഥത്തിൽ (വാള്യം 5, പേജ് 64-77) എഴുതിയ ഭാഗമാണ് ഇവിടെ ചേർക്കുന്നത്. ഇംഗ്ലീഷ് പരിഭാഷയിൽനിന്നാണ് ഇത് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത്. വിവ: കെ.പി. ഹസ്സൻകോയ, കോഴിക്കോട്)*

**കഴിഞ്ഞ ലക്കം തുടർച്ച.....)**

ഇതിന്റെ അർഥം ഭൗതികശരീരത്തോടെ മടങ്ങുക എന്നാണോ? അതിലുപരി ഇവിടെ ഉദിക്കുന്ന പ്രശ്നമെന്താണെന്നുവെച്ചാൽ ഈ വചനത്തിൽ ആത്മീയമായ ഉയർത്തലിനെ പറ്റിയല്ല പറയുന്നതെങ്കിൽ, ഹദ്റത്ത് ഈസാ(അ)യുടെ ആത്മയീമായ ഉയർത്തലിനെ നിഷേധിക്കുന്ന യഹൂദരുടെ തർക്കത്തിന് പരിഹാരമല്ലെങ്കിൽ നഊദുബില്ലാഹ് അദ്ദേഹം ശപ്തനായി പ്രഖ്യാപിക്കാൻ ഒരാൾ സ്വാഭാവികമായും ദൈവം തന്റെ വാഗ്ദാനപ്രകാരം ആവശ്യമായ ആക്ഷേപത്തിനുള്ള മറുപടി ഈ ഖുർആൻ വചനത്തിൽ എവിടെയാണ്?നല്കിയതെന്ന് ചോദിക്കും.

ഇതിന്റെയെല്ലാം വീക്ഷണത്തിൽ ഹദ്റത്ത് ഈസാ(അ)യുടെ ഉയർത്തപ്പെടൽ ശാരീരികമായ ഉയർത്തൽ മാത്രമായിരുന്നുവെന്ന് പറയുന്നത് മർക്കടമുഷ്ടിയും വിഡ്ഢിത്തവുമാണ്. മ റിച്ച്, ഇത് ഓരോ വിശ്വാസിക്കും തന്റെ മരണത്തിനുശേഷമുള്ള ഉയർത്തലാണെന്ന് വ്യക്തമാണ്. അത് ദൈവിക വാഗ്ദാനമനുസരിച്ചുമാണ്. അവിശ്വാസികളെ സംബന്ധിച്ച് ആജ്ഞ ഇതാണ്.

"സ്വർഗത്തിന്റെ വാതിലുകൾ അവർക്കുവേണ്ടി തുറക്കപ്പെടുകയില്ല" (7:41) മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ ഉയർത്തപ്പെടുകയില്ല. അപ്രകാരം മറ്റൊരു വചനത്തിൽ ഇങ്ങനെയും പറഞ്ഞിരിക്കുന്നു.

"അവയുടെ വാതിലുകൾ അവർക്കുവേണ്ടി മലർക്കെ തുറന്നിടപ്പെടും." (38:51)

അപ്രകാരം ഋജുവായ പ്രസ്താവനയെ വക്രമാക്കുന്നത് ഭക്തിക്കും പരിശുദ്ധിക്കും എതിരാണ്. ദൈവവചനത്തെ വളച്ചൊടിക്കുകയുമാണ്.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് എല്ലാ സ്വഹാബാക്കളുടെയും ഇജ്മാഅ് (ഏകാഭിപ്രായം) എല്ലാ പ്രവാചകന്മാരും ചരമമടഞ്ഞുപോയിരിക്കുന്നു എന്നായിരുന്നു. ശരിക്കും ഇതുതന്നെയായിരുന്നു സ്വഹബാക്കൾ(റ) ഈ വചനത്തിൽനിന്ന് മനസ്സിലാക്കിയിരുന്നത്.

'മുഹമ്മദ് ഒരു ദൂതൻ മാത്രമാണ്. തീർച്ചയായും എല്ലാ ദൂതന്മാരും മരിച്ചുപോയിരിക്കുന്നു.' (3:145)

മരണത്തിൽനിന്ന് ഒഴിവാക്കപ്പെടാൻ അദ്ദേഹം ഒരു ദൂതൻ ആയിരുന്നില്ലേ? അന്ധകാരയുഗത്തിന്റെ ചിന്ത പിന്തുടരുക എന്നത് സ്വഹാബാക്കളുടെ ഇജ്മാഅ് ഉണ്ടായിട്ടും സത്യത്തിൽനിന്നു വിദൂരമാണ്. ഇമാം മാലിക്കി(റഹ്)ന്റെ സിദ്ധാന്തവും ഇതുതന്നെയായിരുന്നു; ഹദ്റത്ത് ഈസാ(അ) മരിച്ചുപോയെന്ന്. ഇമാമുമാരുടെ മുൻഗാമിയുടെ വിശ്വാസം ഇതായിരുന്നതിനാൽ മറ്റുള്ളവരുടെ വിശ്വാസവും ഇതുതന്നെയായിരിക്കണം. കഴിഞ്ഞുപോയ പണ്ഡിതന്മാർക്ക് ഈ സത്യത്തിൽ തെറ്റുപറ്റിയെങ്കിൽ സർവ്വശക്തനായ അല്ലാഹുവിന്റെ കണക്കിൽ അത് ഗൗനിക്കേണ്ടതില്ല. മതത്തിൽ അത്തരത്തിലുള്ള പല നിഗൂഢതകളുമുണ്ട്. അത് മധ്യകാലത്ത് മറച്ചുവെക്കപ്പെട്ടതായിരുന്നു. എങ്കിലും, അങ്ങനെയുള്ള തെറ്റുകൾ പുറത്തുകൊണ്ടുവരേണ്ടത് വാഗ്ദത്ത മസീഹിന്റെ ഉത്തരവാദിത്വമാണ്. എന്തെന്നാൽ അദ്ദേഹം വിധികർത്താവാണ്(ഹക്കം). ഇടക്കാലത്ത് ഇത്തരം തെറ്റുകൾ കടന്നുകൂടിയില്ലെങ്കിൽ അദ്ദേഹത്തിന്റെ വരവും വരവിനെ കുറിച്ചുള്ള പ്രതീക്ഷയും നിരുപയോഗമായിരിക്കും. എന്തെന്നാൽ വാഗ്ദത്ത മസീഹ് മുജദ്ദിദാണ്. മുജദ്ദിദ് (പരിഷ്കർത്താവ്) വരുന്നത് തെറ്റുകൾ തിരുത്താനാണ്. അല്ലാഹുവിന്റെ ദൂതൻ(സ) ഹക്കം എന്നു പേരുവെച്ച ആൾ തന്റെ കൈയാൽ തിരുത്തൽ വരുത്തിയില്ലെങ്കിൽ എങ്ങനെ ഹക്കം ആകും? ഇതാണ് സത്യം. ഇത് സ്വീകരിക്കുന്ന ആൾ അനുഗൃഹീതനാണ്. അയാൾ ദൈവഭയമുള്ളവനുമാണ്.

നമ്മുടെ മുമ്പേയുള്ള വിഷയം പരാമർശിച്ചുകൊണ്ട് ഞാൻ പറയുന്നത് ഹദ്റത്ത് ഈസാ(അ)യുടെ മേൽ പൊതുജനങ്ങൾ ആരോപിക്കുന്ന മുഅ്ജിസകളും അത്ഭുതങ്ങളും അല്ലാഹുവിന്റെ നടപടിക്രമത്തിന് എതിരാണ് എന്നാണ്. ഒരു വിഭാഗം സ്വയംതന്നെ മുഅ്ജിസകളെ പറ്റേ നിരാകരിച്ചുകൊണ്ട് അങ്ങേയറ്റംവരെ പോകുമ്പോൾ മറ്റേ വിഭാഗം മുഅ്ജിസകളെ സംബന്ധിച്ച് അങ്ങേയറ്റം അതിശയോക്തിപരമായ കാര്യങ്ങളിലേക്ക് പോകുന്നു. രണ്ടുവിഭാഗവും മധ്യമാർഗം ഉപേക്ഷിച്ചിരിക്കയാണ്. മുഅ്ജിസത്തുകൾ കൂടാതെ സുദൃഢവും തീർച്ചയുള്ളതുമായ ദൈവാസ്തിക്യത്തെക്കുറിച്ചുള്ള ദൃഷ്ടാന്തം ഉണ്ടാവില്ല. എന്നാൽ, മുഅ്ജിസത്തുകൾ ഇപ്പോൾ വിവരിച്ചരീതിയിലുള്ളതാണെങ്കിൽ വിശ്വാസത്തിന്റെ എല്ലാ ഫലങ്ങളിൽനിന്നും അയാൾ അകറ്റപ്പെട്ടവനായിരിക്കും. പിന്നെ വിശ്വാസത്തെ വിശ്വാസം എന്നു പറയാൻ സാധിക്കില്ല. അതയാളെ ശിർക്കിന്റെ വക്കത്തെത്തിക്കുന്നു.

ഹദ്റത്ത് ഈസാ(അ) വിചിത്രമെന്നു പറയട്ടെ, അജ്ഞരായവരുടെ ലക്ഷ്യസ്ഥാനമായിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് നിർമതരായ യഹൂദർ അദ്ദേഹത്തെ അവിശ്വാസിയെന്നും വിളിച്ചു. കള്ളനെന്നും വഞ്ചകനെന്നും കള്ളവാദിയെന്നും വിളിച്ചു. അദ്ദേഹത്തിന്റെ ആത്മീയമായ ഉയർത്തലിനെ നിരാകരിച്ചു. അദ്ദേഹം ചരമമടഞ്ഞപ്പോൾ അദ്ദേഹത്തെ ആരാധിക്കാനുള്ള പ്രകൃതക്കാർ അദ്ദേഹത്തെ ദൈവമാക്കി. എന്നാൽ, യഹൂദർ അദ്ദേഹത്തിന്റെ ആത്മീയമായ ഔന്നത്യംപോലും നിരാകരിച്ചു. ഇപ്പോൾ അദ്ദേഹം ശാരീരികമായി ആകാശത്തേക്ക് കരേറിപ്പോയി എന്ന സിദ്ധാന്തം വന്നിരിക്കുന്നു. അത് പ്രസിദ്ധി നേടുകയും ചെയ്തു. എന്നാൽ, പൂർവ്വ പ്രവാചകന്മാർ ആത്മീയമായാണ് ഉയർത്തപ്പെട്ടത്. പക്ഷേ, ഹദ്റത്ത് ഈസാ ജീവിച്ചിരിക്കെത്തന്നെ ഭൗതികശരീരത്തോടുകൂടിത്തന്നെ ആകാശത്ത് ഇരിക്കാൻപോയി! വസ്ത്രങ്ങളോടും എല്ലാ ശാരീരിക ആവശ്യങ്ങളോടും കൂടിത്തന്നെ! യഹൂദർ ആത്മീയമായ ഉയർത്തലിനെ നിഷേധിച്ചത് അവർ വിരോധവും നിരാകരണവും നേരിടാൻ കെട്ടിച്ചമച്ച അതിശയോക്തിപരമായ പ്രതികരണമായിരുന്നു. എന്നിട്ടും ഈ മറുപടി പൂർണമായും ബുദ്ധിക്ക് നിരക്കാത്തതായിരുന്നു. എന്തെന്നാൽ ശാരീരികമായ ഉയർത്തൽ ഒരു നിലയ്ക്കും അവർക്ക് പ്രശ്നമായിരുന്നില്ല. അതവരുടെ ശരീഅത്ത് (മതനിയമം)ന്റെ സിദ്ധാന്തമായിരുന്നു. അതായത് കുരിശിൽ മരിക്കുന്നവർ ശപ്തരും, അവിശ്വാസികളും, മതമില്ലാത്തവരുമാണെന്ന്; അവർ സർവ്വശക്തനായ ദൈവത്തിലേക്ക് ആത്മീയമായി ഉയർത്തപ്പെടുകയില്ല. യഹൂദരുടെ സിദ്ധാന്തം മരണാനന്തരം ഒരു വിശ്വാസിയുടെ ആത്മാവ് മലക്കുകൾ ആകാശത്തേക്ക് വഹിക്കുകയും സ്വർഗകവാടങ്ങൾ അവർക്കുവേണ്ടി തുറക്കപ്പെടുകയും ചെയ്യുന്നു എന്നാണ്. എന്നാൽ, ഒരു അവിശ്വാസിയുടെ ആത്മാവ് ആകാശത്തേക്ക് വഹിക്കപ്പെടുന്നില്ല. ഒരു അവിശ്വാസി ശപ്തനും അവന്റെ ആത്മാവ് താഴോട്ടുപോവുകയും ചെയ്യുന്നു. ഹദ്റത്ത് ഈസാ കുരിശിൽ കയറ്റപ്പെടുകയും അദ്ദേഹത്തിന്റെ മതപരമായ തീർപ്പുകളിൽ വിസമ്മതമുള്ളതായതിനാൽ ജൂതന്മാർ ഹദ്റത്ത് ഈസാ(അ)യെ ഒരു അവിശ്വാസിയായി പ്രഖ്യാപിച്ചു. അവരുടെ വീക്ഷണത്തിൽ അദ്ദേഹം കുരിശിൽ കൊല്ലപ്പെട്ടതിനാൽ തൗറാത്തിൽ വ്യക്തമായി ആജ്ഞാപിക്കപ്പെട്ടത് കുരിശിൽ കൊല്ലപ്പെട്ടവൻ ആരായാലും അവൻ ശപ്തനാണ് എന്നാണ്. ഈ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അവർ ഹദ്റത്ത് ഈസാ ഒരു അവിശ്വാസിയാണെന്ന് പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ ആത്മീയമായ ഉയർത്തൽ നിരാകരിക്കുകയും ചെയ്തു.

യഹൂദരുടെ അഭിപ്രായത്തിൽ മസീഹ് ഭൗതികശരീരത്തോടെ ആകാശത്തേക്കു പോയി എന്ന വിശ്വാസം പരിഹാസ്യമാണ്. യഥാർഥത്തിൽ ഈ കറ്റുകെട്ട് തൗറാത്തിന്റെ അധ്യാപനങ്ങളുമായി ബന്ധമില്ലാത്തവർ ഉണ്ടാക്കിയതാണ്. ഈ ആശയം സ്വയമേവ ഏറ്റവും വലിയ അസ്പഷ്ട ജൽപനമാണ്. അത് ദൈവത്തെത്തന്നെ വിമർശന വിധേയമാക്കുന്നു. എന്തെന്നാൽ മസീഹ്(അ) അതുവരെ തന്റെ സന്ദേശം ജൂതന്മാരുടെ എല്ലാ ഗോത്രങ്ങൾക്കും എത്തിച്ചിട്ടില്ലായിരുന്നു. അവർ വിവിധ കക്ഷികളായി വിഭജിക്കപ്പെട്ടിരിക്കുകയായിരുന്നു. ഒരു കക്ഷിപോലും അദ്ദേഹത്തിന്റെ കൈയാൽ മാർഗ്ഗദർശനം ചെയ്യപ്പെട്ടിരുന്നില്ല. തന്റെ പ്രബോധനം അപൂർണമാ

### ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

താലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

### അല്ലാഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'(2:43)**

താലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 13 June 2019 Issue-24

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ക്കിക്കൊണ്ട് ഹദ്റത്ത് ഈസാ ആകാശത്തേക്ക് കരേറ്റി എന്നു പറയുന്നത് ഒരു നല്ല വിധിയല്ല. അതിന്റെ അർഥം അദ്ദേഹം തന്റെ ഔദ്യോഗിക ഉത്തരവാദിത്വത്തിൽ കൃത്യവിലോപം കാണിച്ചുവെന്നാണ്. അതിലുപരി സ്വയം തെളിയുന്ന കാര്യമെന്തെന്നാൽ സർവ്വശക്തനായ ദൈവം ഏകപക്ഷീയമായി അദ്ദേഹത്തെ ആകാശത്ത് ഇരുത്തി എന്നത് നിരർഥവും നിഷ്പ്രയോജനവുമാണെന്നാണ്. അത്തരം ഒരു പ്രവൃത്തി സർവ്വശക്തനായ ദൈവത്തിൽ ആരോപിക്കാവുന്നതല്ല.

ചുരുക്കത്തിൽ ഹദ്റത്ത് ഈസാ(അ) തന്റെ ഭൗതിക ശരീരത്തോടുകൂടി ആകാശത്തേക്ക് ഉയർന്നു എന്നത് അദ്ദേഹത്തിന്നെതിരിലുള്ള ഒരപവാദമാണ്; അദ്ദേഹത്തിന്റെ ജീവകാലത്ത് അദ്ദേഹം അവിശ്വാസിയാണെന്ന് അപവാദം പറഞ്ഞിരുന്നതുപോലെ. അദ്ദേഹത്തെ അമിതമായി സ്തുതിക്കുന്നവർ അങ്ങേയറ്റം പോയിരിക്കുന്നു. അദ്ദേഹത്തിന്റെ വിഡ്ഢികളായ സ്നേഹിതന്മാർ– അദ്ദേഹത്തെ ശാരീരികമായി ആകാശത്തേക്കുയർത്തിയിരിക്കുന്നു. 'പുണ്യവാളന്മാർ പറക്കുന്നില്ല; അവരുടെ ശിഷ്യന്മാർ അവർക്ക് ചിറകുകൾ നല്കുന്നു' എന്ന് പറയപ്പെട്ടിരിക്കുന്നതുപോലെ.

മാത്രമല്ല അവർ അദ്ദേഹത്തെ ദൈവമാണെന്നുപോലും പ്രഖ്യാപിച്ചു. പിന്നെ കുറച്ചകാലം കഴിഞ്ഞപ്പോൾ വേറൊരു സിദ്ധാന്തം കറ്റുകെട്ടിയുണ്ടാക്കി. അദ്ദേഹം അതേ ശരീരത്തോടുകൂടി ആകാശത്തുനിന്നിറങ്ങുമെന്ന്. അത് ലോകത്തിന്റെ അവസാന കാലമായിരിക്കുമാത്രെ! അദ്ദേഹം ഖാത്തമുൽ അമ്പിയാ (പ്രവാചകന്മാരുടെ മുദ്ര) ആയിരിക്കുമത്രെ! അപ്രകാരം നാം മറ്റൊരു പ്രവാചകനിലും കാണുന്നില്ല. ഇത്തരം വ്യാജമായ അത്ഭുതങ്ങളും മുഅ്ജിസത്തുകളും ഹദ്റത്ത് ഈസായിൽ ആരോപിക്കുന്നതുപോലെ. അതിലും വിചിത്രമായത് ഇങ്ങനെ സാങ്കല്പിക മുഅ്ജിസത്തുകൾ ഉണ്ടായിട്ടും പരാജയത്തിലും അദ്ദേഹത്തിന്റെ വിശ്വാസം പരത്തുന്നതിലും അദ്ദേഹം ഒന്നാം സ്ഥാനത്ത് നില്ക്കുന്നു. അത്തരത്തിലുള്ള ഒരു നിഷ്ഫലത മറ്റൊരു പ്രവാചകന്റെ കാര്യത്തിലും നാം കാണുന്നില്ല. എങ്കിലും ഓർത്തുകൊള്ളുക. ഇന്ന് അദ്ദേഹത്തിന്റെ പേരിൽ പ്രചരിക്കുന്ന മതം അദ്ദേഹത്തിന്റെ മതമല്ല.

സൂകരമാംസം തിന്നാനും മൂന്ന് ദൈവങ്ങളിൽ വിശ്വസിക്കാനുമുള്ള കല്പനകൾ സുവിശേഷങ്ങളുടെ അധ്യാപനങ്ങളിൽ കാണുകയില്ല. മറിച്ച്, ഇത് പ്രവാചകന്മാരെല്ലാം എതിർത്ത ബഹുദൈവവിശ്വാസപരമായ അധ്യാപനമാണ്. തൗറാത്തിൽ പ്രധാനവും ശാശ്വതവുമായ രണ്ട് കല്പനകളാണുള്ളത്. 'ഒന്നാമത്, മനുഷ്യനെ ദൈവമാക്കരുത്. രണ്ടാമത് സൂകരമാംസം ഭക്ഷിക്കരുത്.' രണ്ട് കല്പനയും സെന്റ് പൗലോസ് ലംഘിച്ചിരിക്കുകയാണ്. *ഇന്നാ ലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ.* (നാമെല്ലാം അല്ലാഹുവിൽനിന്നുള്ളവരാണ്. നമ്മുടെയെല്ലാം മടക്കം അവനിലേക്കുതന്നെയാണ്)

## ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുന്ന വാർഷിക ഇജ്തിമാകളുടെ തിയ്യതി

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്ലിസ് അൻസ്വാറുല്ലാഹ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

എല്ലാ ഉപസംഘടനകളിലേയും അംഗങ്ങൾ ഖാദിയാൻ ദാറുൽ അമാനിൽ ആത്മീയാന്തരീക്ഷത്തിൽ സംഘടിപ്പിക്കുന്ന ഈ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽതന്നെ തയ്യാറെടുപ്പുകൾ തുടങ്ങുക. ഈ ഇജ്തിമാകൾ തർബിയ്യത്തിനുള്ള സുപ്രധാന മാർഗമാണ്.

(പത്രാധിപർ)

## അഹ്മദിയ്യ വൊക്കേഷണൽ(ടെക്നിക്കൽ) ട്രൈനിംഗ് സെന്റർ ഖാദിയാൻ

**(AhmadiyyaVocational(Technical)Training Centre Qadian)**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 1934–ൽ അനുഗൃഹീത നാടായ ഖാദിയാനിൽ യുവാക്കളെ സാങ്കേതികവിദ്യ അഭ്യസിപ്പിക്കുന്നതിനും അവരെ ഉത്തമ പൗരന്മാരാക്കുന്നതിനും വേണ്ടി ദാറുസ്സ്വനാഅത്ത് വകുപ്പിന് അടിത്തറയിട്ടു. അത് ഇന്ത്യാവിഭജനത്തിനുശേഷം അവസ്ഥകൾ മോശമായ കാരണത്താൽ നിലച്ചുപോയിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദാറുസ്സ്വനാഅത്ത് 2010 മുതൽ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അനുവാദവും മാർഗനിർദേശവുംകൊണ്ട് നള്വാറത്ത് തഅ്ലീം ഖാദിയാന്റെ മേൽനോട്ടത്തിൽ വീണ്ടും സേവനം ചെയ്തു വരുന്നു. ഈ സ്ഥാപനം ചടകഉ (ദില്ലി) (National Small Industries Corporation)ൽ അഫ്ലിയേറ്റഡാ(affiliated)ണ്. ഈ സ്ഥപനത്തിൽനിന്ന് ഒരു വർഷത്തെ കോഴ്സ് പൂർത്തിയാക്കുമ്പോൾ വിദ്യാർഥിക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യായുടെ സർട്ടിഫിക്കേറ്റ് നല്കപ്പെടുന്നതാണ്.

ഈ സ്ഥാപനത്തെ പൂർണമായും പ്രയോജനപ്പെടുത്താൻ ഇന്ത്യയിലെ അഹ്മദിയ്യാ യുവാക്കളോടു അപേക്ഷിക്കുകയാണ്. ദാറുസ്സ്വനാഅത്തിൽ താഴെ പറയുന്ന ഒരു വർഷത്തെ ടെക്നിക്കൽ കോഴ്സുകളാണ് നിലവിലുള്ളത്. 1. വെൽഡിംഗ്, 2. ഇലക്ട്രിക്കൽ 3. പ്ലംബിംഗ്, 4. ഏസി &ഫ്രിഡ്ജ് 5. ഡീസൽ മെക്കാനിക്കൽ. 6. പെട്രോൾ മെക്കാനിക്. 7. കാർപെന്റർ 8. കമ്പ്യൂട്ടർ. ഇതുവരെ ഈ സ്ഥാപനത്തിൽ നിന്ന് നൂറുക്കണക്കിന് അഹ്മദി യുവാക്കൾ പരിശീലനം കഴിഞ്ഞ് രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്തു വരുന്നു.

<u>പ്രവേശനത്തിനുള്ള നിബന്ധനകൾ</u>:

**1.** അപേക്ഷകൻ 8 - ാം ക്ലാസ് പാസായിരിക്കണം. **2.** പ്രവേശന ഫോറം പൂരിപ്പിച്ച് 2019 ജൂൺ 30 നുള്ളിൽ പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാന് രജിസ്റ്റർ അല്ലെങ്കിൽ ഈമെയിൽ അയക്കുകയോ അല്ലെങ്കിൽ കൂടെ കൊണ്ടുവരികയോ ചെയ്യുക. **3.** ഖാദിയാന് വെളിയിൽനിന്നു വരുന്ന അഹ്മദി വിദ്യാർഥികൾ അമീറിന്റേയോ സ്വദ്റിന്റേയോ മുബല്ലിഗിന്റേയോ സാക്ഷ്യത്തോടുകൂടിയ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. **4.** ഹോസ്റ്റൽ സൗകര്യം വെറും 40 വിദ്യാർഥികൾക്കാണ്. **5.** ഇതിനുപുറമെ വരുന്ന കുട്ടികൾ താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം സ്വന്തം ചെയ്യേണ്ടതാണ്. **6.** എല്ലാം ഒരു വർഷത്തെ കോഴ്സാണ്. അതുകൊണ്ട് ഏത് ടെക്നിക്കൽ കോഴ്സിലാണോ പ്രവേശനം വേണ്ടത് അതിന്റെ ഫീസ് ഒന്നിച്ചോ രണ്ടു ഗഡുവായോ നിർബന്ധമായും അടയ്ക്കേണ്ടതാണ്. അപേക്ഷകൻ ഖാദിയാനിൽ വരേണ്ട തിയതി എഴുത്തു മുഖേനയോ ടെലഫോൺ മുഖേനയോ അറിയിക്കുന്നതാണ്. അനുവാദം കിട്ടിക്കഴിഞ്ഞാൽ 2019 ജൂൺ 30നുള്ളിൽ സ്വന്തം ചെലവിൽ ഖാദിയാനിൽ എത്തേണ്ടതാണ്. **7.** അപേക്ഷകൻ പ്രവേശന ഫോറത്തോടൊപ്പം (വ്യക്തിപരമായ മെഡിക്കൽ ഫയൽ, അതിൽ ബ്ലഡ്ഗ്രൂപ്പ്, ഏതെങ്കിലും വിധത്തിലുള്ള അലർജി തുടങ്ങിയ രോഗമുണ്ടെങ്കിൽ അതും കാണിച്ചിരിക്കേണ്ടതാണ്, ജമാഅത്തിന്റെ തിരിച്ചറിയൽ കാർഡ്, ജനനത്തിയതി രേഖപ്പെടുത്തിയിട്ടുള്ള സ്കൂൾ സർട്ടിഫിക്കേറ്റ്, ആധാർകാർഡ്/വോട്ടർ കാർഡ് മൂന്നു ഫോട്ടോയും)അത്യാവശ്യമായ രേഖകളും സമർപിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്)

പ്രവേശന ഫോറം(darulsanaat,qadian@gmail.com) എന്ന വിലാസത്തിൽ നിന്ന് വാങ്ങാവുന്നതാണ്.

(മുബശ്ശിർ അഹ്മദ് ബട്ട്, പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ) Mobile:98729-23363

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin